# കേരള സർക്കാർ

## കേരള സംസ ാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാണഞ്ചേ രി ഗ്രാമപഞ്ച ായത്ത ്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ ാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**തൃശ്ശൂർ – 680020**

**ഇ-മെയിൽ:** dotsr.ksad@kerala.gov.in

**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി11) 1424/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 28/11/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാണഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ (പി11) 1424/2024 തീയ്യതി: 28/11/2024

## തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-09-2023 മുതൽ 15-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 43 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2024 | 30-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2024 | 30-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. മീര.ടി., ഓഡിറ്റ് ഓഫീസർ

ശ്രീമതി. ഹണി.കെ.എസ്., ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽകുമാർ.കെ.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ബിന്ദു.സി.വി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. രേഖ.ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രവീന്ദ്രൻ പി. പി. | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ജോൺ പി. ആർ. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സെറീന എ. അലി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 05-09-2023 |
| രഞ്ജിനി കെ. ബി. | അസിസ്റ്റന്റ് സെക്രട്ടറി | 06-09-2023 | 31-03-2024 |
| സിന്ധു ആർ. | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ഷീജ എം. എസ്. | വി.ഇ.ഒ (പട്ടിക്കാട് സർക്കിൾ) | 01-04-2023 | 13-07-2023 |
| പീറ്റർ സി. ജി. | വി.ഇ.ഒ (പട്ടിക്കാട് സർക്കിൾ) | 14-07-2023 | 31-03-2024 |
| സിബി തോമസ് | വി.ഇ.ഒ (കണ്ണാറ സർക്കിൾ) | 01-04-2023 | 31-05-2023 |
| മഹേഷ് സി. എം. | വി.ഇ.ഒ (കണ്ണാറ സർക്കിൾ) | 01-06-2023 | 19-07-2023 |
| ഷൈജ എം. വി. | വി.ഇ.ഒ (കണ്ണാറ സർക്കിൾ) | 20-07-2023 | 28-07-2023 |
| ഷാജു എം. എ. | വി.ഇ.ഒ (കണ്ണാറ സർക്കിൾ) | 29-07-2023 | 03-12-2023 |
| ലാലിഘോഷ് കെ. ജി. | വി.ഇ.ഒ (കണ്ണാറ സർക്കിൾ) | 04-12-2023 | 31-03-2024 |
| ശ്രാവൺ എസ്. | വി.ഇ.ഒ (വാണിയംപാറ സർക്കിൾ) | 01-04-2023 | 31-03-2024 |
| ഡോ. ശ്രീജ വി. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | 20-06-2023 |
| ഡോ. ബിന്ദു കെ. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 21-06-2023 | 31-03-2024 |
| ഡോ. സുഹാസ് നാരായൺ പി. കെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 30-08-2023 |
| ഡോ. ജസ്റ്റിൻ മാമ്മൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 31-08-2023 | 31-03-2024 |
| ഡോ. ഹേന ജോയ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| നിത കെ. എം. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| സൂഷമ സി. വി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 19-02-2024 |
| സ്മൃതി | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-02-2024 | 31-03-2024 |
| അഭിമന്യു | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2023 | 15-07-2023 |
| വന്ദന ജി. പൈ | അഗ്രിക്കൾച്ചർ ഓഫീസർ | 16-07-2023 | 31-03-2024 |
| ജോയ്സി ജേക്കബ് എം. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| നിർമ്മല ദേവി പി. സി. | ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്, പട്ടിക്കാട്) | 01-04-2023 | 31-05-2023 |
| ഷിനി പി. എസ്. | ഹെഡ്മിസ്ട്രസ് (ജി.എൽ.പി.എസ്, പട്ടിക്കാട്) | 01-06-2023 | 31-03-2024 |

| | | | |
|---|---|---|---|
| സുജയ എ. എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 26-07-2023 |
| അമ്പിളി ഐ. ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 27-07-2023 | 31-03-2024 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | "Cheque Deposited But Not Cleared" -തുക ക്രമീകരിക്കേണ്ടതാണ് | 1-1-1 |
| 3 | "Directly Debited By Bank"-തുക ക്രമീകരിക്കേണ്ടതാണ് | 1-1-2 |
| 4 | Cheque Issued But Not Presented Into Bank- തുക ക്രമീകരിക്കേണ്ടതാണ് | 1-1-3 |
| 5 | ഇടപാട് നടത്താത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | 1-1-4 |
| 6 | വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ഷെഡ്യൂൾ ബി -4 പ്രകാരമുള്ള തുകയും ഷെഡ്യൂൾ ബി -17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബി -4 ലെ ബാധ്യതാ ശീർഷകത്തിന് തത്തുല്യമായ ബാങ്ക് അക്കൗണ്ട് ബി -17 ൽ ഇല്ല | 1-1-8 |
| 10 | അഡ്വാൻസ് തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-9 |
| 11 | ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-10 |
| 12 | ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല | 1-1-11 |
| 13 | അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-12 |
| 14 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-13 |
| 15 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-14 |
| 16 | ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ് | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | ഫണ്ട് വിനിയോഗം | 1-3 |
| 19 | പദ്ധതി അവലോകനം | 1-4 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 21 | ക്ഷേമപദ്ധതികൾ | 1-6 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 23 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 24 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-9 |
| 25 | അനധികൃതമായി പന്നിഫാമുകൾ പ്രവർത്തിക്കുന്നു | 1-10 |
| 26 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-11 |
| 27 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 28 | കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-13 |
| 29 | ദുർബലാവസ്ഥയിൽ ഉള്ള പഞ്ചായത്ത് കെട്ടിടത്തിൽ നിലവിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 30 | പെർമിറ്റ് ഫീസ് കുറവ് ഈടാക്കി-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 79,519 രൂപ അടവാക്കി | 1-15 |
| 31 | ലൈസൻസ് നൽകുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കുന്നില്ല | 1-16 |
| 32 | ജീവൻജ്യോതി സ്കൂൾ, പട്ടിക്കാട്-കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-17 |
| 33 | ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നൽകി | 1-18 |
| 34 | സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ-വസ്തുനികുതി ഈടാക്കുന്നില്ല | 1-19 |
| 35 | ഗ്രീൻ വാലി റിസോർട്ട്-കെട്ടിടത്തെ 'ലോഡ്ജ്' ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നു | 1-20 |

| | | |
|---|---|---|
| 36 | വിവിധ അനധികൃത കെട്ടിടങ്ങളിലായി ആയുർവേദ സുഖചികിത്സാ കേന്ദ്രം പ്രവർത്തിക്കുന്നു. | 1-21 |
| 37 | കൺവെൻഷൻ സെന്റർ, കല്യാണമണ്ഡപങ്ങൾ എന്നിവ വാണിജ്യാവശ്യത്തിനുള്ള ഗണത്തിൽ വസ്തുനികുതി നിർണ്ണയം നടത്തി അനധികൃതമായി പ്രവർത്തിച്ചു വരുന്നു. | 1-22 |
| 38 | വാണിജ്യാവശ്യഗണത്തിൽ കെട്ടിടാനുമതി നേടി വസ്തുനികുതി നിർണ്ണയിച്ച ബഹുനില കെട്ടിടത്തിന്റെ മുഴുവൻ ഭാഗവും ഓഡിറ്റോറിയമായി പ്രവർത്തിച്ചു വരുന്നു വരുന്നു | 1-23 |
| 39 | പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തുന്നില്ല | 1-24 |
| 40 | സി.എസ്.ആർ ഫണ്ട്-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-25 |
| 41 | കൈപ്പറ്റ് രസീതി, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല | 1-26 |
| 42 | ലോഗ്ബുക്ക് പരിപാലനം--അപാകതകൾ | 1-27 |
| 43 | സാക്ഷരത തുല്യത പദ്ധതി | 1-28 |
| 44 | ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-29 |
| 45 | മെനെസ്ട്രുവൽ കപ്പ്-വിതരണം പൂർത്തിയാക്കേണ്ടതാണ് | 1-30 |
| 46 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല-100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-31 |
| 47 | ഗോത്ര സാരഥി പദ്ധതി-അപാകതകൾ–ചെലവു തുക 155687 തടസ്സപ്പെടുത്തുന്നു | 1-32 |
| 48 | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക്പഠനമുറി-പൂർത്തീകരിക്കേണ്ടതാണ് | 1-33 |
| 49 | ബാലസഭ-മാർഗ്ഗരേഖയ്ക്ക് വിരുദ്ധം-8745 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-34 |
| 50 | അഡ്വാൻസായി തനതുഫണ്ടിൽ നിന്നും അടവാക്കിയ തുക തിരികെ ലഭിച്ചിട്ടില്ല | 1-35 |
| 51 | യോഗമിനിട്ട്സ് നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ അംഗീകരിക്കുന്നില്ല | 1-36 |
| 52 | ഗ്രാമസഭാ -- നിയമപ്രകാരം ചേരുന്നില്ല | 1-37 |
| 53 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-38 |
| 54 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല | 1-39 |
| 55 | ഹരിതകർമ്മസേന-അവലോകനം | 1-40 |
| 56 | വയോജന സംഗമം -മാർഗ്ഗരേഖക്ക് വിരുദ്ധമായി ഉല്ലാസയാത്ര നടത്തി | 1-41 |
| 57 | വയോജനങ്ങൾക്ക് കട്ടിൽ–ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല | 1-42 |
| 58 | അംഗൻവാടി അനുപൂരകപോഷകാഹാര പരിപാടി-CGST,SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കിയിട്ടില്ല | 1-43 |
| 59 | വെതർ സ്റ്റേഷൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-44 |
| 60 | കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ് | 1-45 |
| 61 | സദ്ഭരണ പദ്ധതി - തയ്യാറാക്കേണ്ടതാണ് | 1-46 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| --- No Records Found --- | | |
| ഭാഗം 4 | | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ചെലഴിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |

| | | |
|---|---|---|
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.07.2024 തീയതിയിലെ 2(1)-ാം നം. കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 31.07.2024 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 28.11.2024**

**ഡെപ്യൂട്ടി ഡയറക്ടർ,**

**ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 "Cheque Deposited But Not Cleared" -തുക ക്രമീകരിക്കേണ്ടതാണ്

ബാങ്ക് റീകൺസീലിയേഷൻ പത്രികയിൽ താഴെപ്പറയുംപ്രകാരം "Cheques Deposited But Not Cleared" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

| BANK, Account No. | Amount |
|---|---|

| | |
|---|---|
| SBI OWN FUND (2538) | 12,39,652 |

ഇതിൽ 17.09.2020 ലെ 12500 രൂപയും 28.02.2222 ലെ 21050 രൂപയും 31.03.2022 ലെ 1741 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-2 "Directly Debited By Bank"-തുക ക്രമീകരിക്കേണ്ടതാണ്

"Directly Debited By Bank" എന്ന ഇനത്തിൽ താഴെ പറയുംപ്രകാരം തുക ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| Bank | Amount |
|---|---|
| PSCB OWN FUND (3980) | 545 |
| SBI E PAYMENT (70008) | 135349 |

SBI E PAYMENT(70008) ന്റെ ഡെബിറ്റ് ചെയ്ത തുകയിൽ 30.03.2022 ലെ 1097 രൂപയും 31.3.23 ലെ 3449 രൂപയും ഉൾപ്പെട്ടിട്ടുണ്ട്. ബാങ്കുമായി ബന്ധപ്പെട്ട് ഈ ചെലവ് പഞ്ചായത്തുമായി ബന്ധപ്പെട്ടതാണോയെന്ന് പരിശോധിക്കേണ്ടതും ഈ തുക ബാങ്ക് തെറ്റായി കുറവ് ചെയ്തതാണെങ്കിൽ തുക പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തിരികെ ക്രെഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും, പഞ്ചായത്തുമായി ബന്ധപ്പെട്ട ഡെബിറ്റ് ആണെങ്കിൽ ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി കണക്കിലെടുക്കേണ്ടതുമാണ്.

## 1-1-3 Cheque Issued But Not Presented Into Bank- തുക ക്രമീകരിക്കേണ്ടതാണ്

Cheque Issued But Not Presented Into Bank എന്ന ഇനത്തിൽ താഴെ പറയുംപ്രകാരം തുക ഉൾപ്പെടുത്തിയാണ് റീകൺസീലിയേഷൻ പത്രിക പൊരുത്തപ്പെടുത്തിയിരിക്കുന്നത്.

| Bank | Amount |
|---|---|
| PSCB OWN FUND (3980) | 123573 |
| SBI OWN FUND (2538) | 840672 |

ഇതിൽ PSCB OWN FUND(3980) അക്കൗണ്ടിന്റെ 22.11.23 ലെ 68000 രൂപ (കാലാവധി കഴിഞ്ഞ ചെക്ക്) ഉൾപ്പെട്ടിട്ടുണ്ട്. കാലാവധി കഴിഞ്ഞ ചെക്കുകളുടെ തുക 350800101 Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ്. മറ്റുള്ള തുക ക്രമീകരിക്കേണ്ടതാണ്.

## 1-1-4 ഇടപാട് നടത്താത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

1) പഞ്ചായത്ത് കമ്മിറ്റി തീരുമാനമുണ്ടായിട്ടും അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.

സാക്ഷരതാ പ്രേരക് മാർക്കുള്ള അലവൻസ് തനത്ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളതിനാലും നിലവിൽ സാക്ഷരതക്കായി കനറാ ബാങ്കിൽ പുതിയ അക്കൗണ്ട് (PFMS) തുടങ്ങിയതിനാലും കണ്ണാറ SBI യിലുള്ള സാക്ഷരതാ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനും അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് (31.03.2024ലെ നീക്കിയിരിപ്പ്-229743) തനത്ഫണ്ടിലേക്ക് മാറ്റുന്നതിനും തീരുമാനിച്ചിരുന്നു (15.07.2023 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 20). എന്നാൽ നാളിതുവരെയായിട്ടും അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.

2) താഴെ ചേർത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിന്റെ പ്രതിമാസ/വാർഷിക ബാങ്ക് റീകൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റും ഹാജരാക്കിയിട്ടില്ല. ഇടപാട് നടത്താത്ത ബാങ്ക് അക്കൗണ്ട് ആണെങ്കിൽ ആയത് ക്ലോസ് ചെയ്യേണ്ടതാണ്.

| ക്രമ നമ്പർ | ബാങ്ക്/അക്കൗണ്ട് നമ്പർ | റിമാർക്സ് |
|---|---|---|
| 1 | HDFC SWIPING 6124 | April 2023 മുതൽ March 2024 വരെയുള്ള മാസാന്ത്യ റീക്കൺസിലേഷൻ/വാർഷിക റീക്കൺസിലേഷൻ നടത്തിയിട്ടില്ല. |

**1-1-5 വസ്തുനികുതി-വാർഷിക കണക്കും ഡി.സി.ബി. രജിസ്റ്ററും പൊരുത്ത പ്പെടുന്നില്ല**

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 4691472 | 4572445 | 17878 | 113072 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 4691472 | 4563022 | 17878 | 110791 |
| | (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ -1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | (116331/105X100)=(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കളക്ഷനും ബാലൻസും വ്യത്യാസപ്പെട്ടിരിക്കുന്നു.

തൻവർഷം-നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 6808407 | 6245201 | 10864 | 557884 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 6808407 | 6239659 | 10864 | 557973 |
| | (ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ -1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (585872/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

കളക്ഷനും ബാലൻസും വ്യത്യാസപ്പെട്ടിരിക്കുന്നു.

കുടിശ്ശിക-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|

| | | | |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 99007 | 38043 | 61771 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 89815<br>(2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(37399+56907=94306/105x100) | 38062<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 61092<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(64147/105X100) |

ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

<u>കുടിശ്ശിക-നോൺ-റെസിഡൻഷ്യൽ</u>

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 780687 | 489078 | 311556 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 601076<br>(2022-23 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(333740+297390= 631130/105x100) | 489709<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | 291112<br>(305668/105X100)<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

**1-1-6 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല**

പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന സ്ഥലം ഉൾപ്പെടെയുള്ള പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ (Land For The Waste Processing Plant ഒഴികെ) വാർഷിക കണക്കിൽ ആസ്തിയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-1-7 ഷെഡ്യൂൾ ബി -4 പ്രകാരമുള്ള തുകയും ഷെഡ്യൂൾ ബി -17 പ്രകാരമുള്ള തുകയും പൊരുത്തപ്പെടുന്നില്ല**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31.03.2024 ൽ ബാക്കിയുള്ള തുകയും ഈ യാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31.03.2024-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|
| ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
| 320100197 | Literacy Scheme Grant | 6112 | 450210101 | SBI Literacy (2880) | 229743 |

**1-1-8 ബി -4 ലെ ബാധ്യതാ ശീർഷകത്തിന് തത്തുല്യമായ ബാങ്ക് അക്കൗണ്ട് ബി -17 ൽ ഇല്ല**

താഴെ ചേർത്തിരിക്കുന്ന ബാലൻസ്ഷീറ്റ് ബി-17 പ്രകാരമുള്ള പ്രത്യകോദ്ദേശ്യ ബാങ്ക് അക്കൗണ്ടുകൾക്ക് തത്തുല്യമായ ബാധ്യതാ ശീർഷകം ബാലൻസ്ഷീറ്റ് ബി -4 ൽ കാണുന്നില്ല.

| ക്രമ നമ്പർ | ശീർഷകം | ബാങ്ക് അക്കൗണ്ട് | തുക |
|---|---|---|---|
| 1 | 45210101 | SBI MNLAKSHEM (4570) | 104914 |

## 1-1-9 അഡ്വാൻസ് തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

മെഡിക്കൽ ഓഫീസർമാർ നിർവ്വഹണോദ്യോഗസ്ഥരായി വിവിധ ഏജൻസികളിൽ നിന്നും മരുന്ന് വാങ്ങുന്നതായി മരുന്നിന്റെ വില മുൻകൂർ നൽകുമ്പോൾ, 460500501-Advance To Implementing Officers എന്ന മുൻകൂർ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും മരുന്ന് ബന്ധപ്പെട്ട ഏജനാസികളിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് മാത്രം അതാത് ചെലവ് ബന്ധപ്പെട്ട ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | വൗച്ചർ നമ്പർ | അഡ്വാൻസ് തുക | ബാക്കി ലഭിക്കാനുള്ള മരുന്നിന്റെ തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|---|
| 1 | 8/24 ജീവിതശൈലി രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ | 42301366/15.9.23<br>42301408/27.10.23<br>42301473/22.12.23<br>42301609/20.02.24<br>42301538/11.12.23 | 400384<br>300000<br>172848<br>127152<br>35955 | 167076<br>73339<br>62802<br>3189<br>29976 | 251110008 Medical Institution-Alloppathy-Purchase Of Medicines For Hospitals | 460500501-Advance To Implementing Officers |
| 2 | 5/24 ജനറൽ വിഭാഗത്തിലെ രോഗികൾക്ക് മരുന്ന് വാങ്ങൽ | 42301402/9.10.23<br>42301402/9.10.23<br>42301757/25.3.24<br>42301549/22.12.23 | 398224<br>286786<br>40500<br>39500 | 196422<br>129818<br>40500<br>6908 | 251110008 Medical Institution-Alloppathy-Purchase Of Medicines For Hospitals | 460500501-Advance To Implementing Officers |
| 3 | 6/24 സാന്ത്വന പരിചരണ പരിപാടി | 42301548/14.11.23<br>42301561/15.1.24 | 355657<br>299999 | 14312<br>163675 | 251110012 Medical Institution-Alloppathy-Health-Related Activities | 460500501-Advance To Implementing Officers |
| 4 | 9/24 അതിദരിദ്രർക്ക് മരുന്ന് വിതരണം | 42301472/22.12.23 | 100000 | 100000 | 251110008 Medical Institution-Alloppathy-Purchase Of | 460500501-Advance To Implementing Officers |

| | | | | | | |
|---|---|---|---|---|---|---|
| | | | | | Medicines For Hospitals | |

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരം കൈമാറിയ മുഴുവൻ തുകയും ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മുഴുവൻ മരുന്ന് ഇനിയും ലഭ്യമായിട്ടില്ല.

## 1-1-10 ആസ്തി നിർമ്മിക്കുന്നതിനുള്ള ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

താഴെ ചേർക്കുന്ന പദ്ധതികൾ പ്രകാരം നിർമ്മിച്ച ആസ്തിയുടെ ചെലവ് മൂലധനചെലവായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നതിന് പകരം റവന്യൂ ചെലവായി ഇൻകം&എക്സ്പെൻഡീച്ചർ പത്രികയിൽ രേഖപ്പെടുത്തി.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേരും, നമ്പറും | വൗച്ചർ നമ്പർ/തീയതി | തുക | ഹെഡ് കോഡ് |
|---|---|---|---|---|
| 1 | 402/24 Drainage Construction -Chanoth | 42301203/ 3.3.24 | 400000 | 252110005 Roads-Drainage Renovation |
| 2 | 399/24 Drainage Construction-Thekkekkulam | 42301225/ 31.3.24 | 300000 | 252110005 Roads-Drainage Renovation |
| 3 | Chuvannamannu Pathamkallu Samrakshanam (No-419) | 42301212/ 30.3.24<br>42301802/ 31.3.24 | 94129<br>305871 | 250102304 Flood Mitigation-Maintenance Of Water Drainage Canal |
| 4 | Pananchery Souhridha Road Tarring In Ward 1 (No-406) | 42301248/ 31.3.24<br>42301257/ 31.3.24 | 411000<br>88992 | 252110001 Roads-Retarring |
| 5 | No.407/24-Maruthumkuzhi Road Drainage Construction | 42301220/ 30.3.24<br>42301183/ 29.3.24 | 400000<br>80884 | 252110005 Roads-Drainage Renovation |

## 1-1-11 ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റ് ലഭിച്ച തിയ്യതി ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയായ 5803613 രൂപയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കേരള ഫിനാൽഷ്യൽ കോഡ് വോള്യം1 ആർട്ടിക്കിൾ 282 പ്രകാരം തിരിച്ച് നൽകേണ്ട കാലയളവിനുശേഷം മൂന്ന് വർഷത്തിലധികം അവകാശപ്പെടാത്ത ഡെപ്പോസിറ്റുകൾ ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് ഉറപ്പ് വരുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-1-12 അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-1-13 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

### 1-1-14 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റ് സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -4742666 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4734737 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-15 ജേണലുകൾക്ക് ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിക്കേണ്ടതാണ്

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-2 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | 21-03-2023<br>1(1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 405772993 | 394415000 |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി, കമ്മിറ്റി തീരുമാനം | തീരുമാനം നമ്പർ<br>27-03-2024<br>2 (1) | |
| പ്രതീക്ഷിത വരവ്, ചെലവ് എന്നിവ | വരവ് | ചെലവ് |
| | 402021732 | 381117000 |

ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടായേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബജറ്റ്.സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിന് ആശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത്. സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായവിധത്തിൽ നിയന്ത്രിക്കുന്നതിന് ബജറ്റ് സഹായിക്കുന്നു.

ഓഡിറ്റ് വേളയിൽ ഹാജരാക്കിയ ബജറ്റ് ഫയലിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾക്കൊള്ളിക്കാത്തതിനാൽ ആവശ്യകത വിലയിരുത്തുന്നതിനോ ബജറ്റ് രൂപീകരണത്തിൽ നിയമത്തിൽ അനുശാസിക്കുന്ന നടപടികൾ എടുത്തിരുന്നോ എന്ന് പരിശോധിക്കുന്നതിനോ സാധിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി 2/24/9/24)

## 1–3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 59132000 | 59132000 | 46527564 | 12604436 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 9615000 | 9615000 | 7730151 | 1884849 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 3645000 | 3645000 | 2664825 | 980175 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 19759350 | 19759350 | 14437960 | 5321390 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 0 | 9098000 | 9098000 | 7090881 | 2007119 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 16178770 | 7343500 | 23522270 | 12189684 | 11332586 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ബേസിക് | 6209970 | 10461128 (4896000+ 4896000 +പലിശ 669128) | 16671098 | 10218572 (10218566+ ബാങ്ക് ചാർജ് 6 | 6452526 |
| സാക്ഷരത (NILP) | 0 | 16202 | 16202 | 16202 | 0 |
| ദുരിതാശ്വാസനിധി | 20887 | 574 | 21461 | 0 | 21461 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| TSC | 187772 | 0 | 187772 | 0 | 187772 |
| ICDS | 4575884 | 2223372 | 6799256 | 1609376 | 5189880 |
| M P FUND | 83398 | 0 | 83398 | 0 | 83398 |
| ജലനിധി | 2540206 | 74255 | 2614461 | 0 | 2614461 |
| Grants For Other Purposes | 35000 | 0 | 35000 | 0 | 35000 |
| ഹെൽത്ത് ഗ്രാന്റ് - ഡയഗ്നോസ്റ്റിക് | 120392 | 1337414 (1318000+പലിശ 19414) | 1457806 | 52650 | 1405156 |
| ഹെൽത്ത് ഗ്രാന്റ് - ബിൽഡിംഗ് | 0 | 5611000 | 5611000 | 0 | 5611000 |
| ഹെൽത്ത് ഗ്രാന്റ് - വെൽനെസ് സെന്റർ | 117278 | 537178 (528000+പലിശ 9178) | 654456 | 99981 | 554475 |

| | | | | | |
|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ലൈഫ് സ്റ്റേറ്റ് ഷെയർ) | 2300000 | 6200000 | 8500000 | 5700000 | 2800000 |
| ശുചിത്വ മിഷൻ | 508283 | 0 | 508283 | 0 | 508283 |
| Donation Related To Pandemic/ Epidemic Control | 52591 | 2117 | 54708 | 0 | 54708 |
| Fund From Other Govt. Agencies | 35860 | 0 | 35860 | 0 | 35860 |
| Joint Venture - District Panchayat | 250000 | 0 | 250000 | 0 | 250000 |
| Joint Venture - Block Panchayat | 0 | 200000 | 200000 | 0 | 200000 |
| ദുരന്തനിവാരണം | 0 | 100000 | 100000 | 0 | 100000 |

സി.എഫ്.സി ടൈഡ്, സി.എഫ്.സി ബേസിക് എന്നിവയുടെ മുന്നിരിപ്പ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടില്ല. സി.എഫ്.സി ബേസിക് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പലിശ ഉൾപ്പെടുത്തിയിട്ടില്ല. ശരിയായ തുകകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.
ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വികസന ഫണ്ട്-ജനറൽ, എസ്.സി.പി, ടി.എസ്.പി എന്നിവയിൽ വരവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത തുക കൂടി ഉൾപ്പെടുത്തിയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 428 | 266689996 | 265 | 137961887 | 52 % | 62 % |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1762683 | 1762683 | 1762683 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 39426409 | 39426409 | 39426409 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 2458401 | 2458401 | 2458401 | 0 |
| ആകെ | 0 | 43647493 | 43647493 | 43647493 | 0 |

## 1-6 ക്ഷേമപദ്ധതികൾ

| **പദ്ധതിയുടെ പേര്** | **ചെലവു തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| തൊഴിൽരഹിതവേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6259200 | 515 |
| വിധവാ പെൻഷൻ | 24293100 | 2332 |
| വാർദ്ധക്യകാല പെൻഷൻ | 43315700 | 4398 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 6044400 | 535 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1614200 | 146 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2024 തീയതിയിൽ 3:00 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20,703 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 23 , 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതിനോ അഥവാ ഏതെങ്കിലും ഇനം മൃഗങ്ങളെയോ പക്ഷികളെയോ വംശവർധനക്കായി വളർത്തുന്നതിനോ വേണ്ടി നീക്കിവച്ചിട്ടുള്ള കെട്ടിടങ്ങളോ ഷെഡുകളോ ഉള്ളതോ ഇല്ലാത്തതൊ ആയ സ്ഥലത്തിന് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും (ചട്ടം 3 (2) ചട്ടം 3(1 )) ൽ സൂചിപ്പിച്ചിട്ടുള്ളതിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല. വെറ്ററിനറി സർജൻ, ഡയറി ഫാം എക്സ്റ്റെൻഷൻ ഓഫീസർ എന്നിവരുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 17 ഓളം ലൈവ് സ്റ്റോക്ക് ഫാമുകൾ അനധികൃതമായി പ്രവർത്തിക്കുന്നുണ്ട്. ബന്ധപ്പെട്ട വിവരങ്ങൾ ചുവടെ പട്ടികപെടുത്തുന്നു.

| ക്രമ നമ്പർ | ഫാം ഉടമയുടെ പേര് | വാർഡ് നമ്പർ | കന്നുകാലികളുടെ എണ്ണം |
|---|---|---|---|
| 1 | സലീഷ് വലിയകല്ലിങ്ങൽ | 1 | പശു – 25 |
| 2 | മൊയ്തീൻ പോക്കാക്കില്ലത്ത് | 23 | പശു – 15 |
| 3 | ഓഷോഫാം ചാണോത് | 2 | പശു –150 |
| 4 | ബോസ് കുന്നംപുറത്ത്, വാണിയംമ്പാറ | 8 | പശു –40 |
| 5 | ജയപ്രകാശ് എടത്തറ, വാണിയംമ്പാറ | 8 | പശു –15 |
| 6 | ഉലഹന്നാൻ വെട്ടിക്കുളങ്ങര, മണ്ടൻചിറ | 11 | പശു – 20 |
| 7 | വർഗീസ് തെങ്ങോലപ്പറമ്പിൽ, മണ്ടൻചിറ | 11 | പശു – 15 |
| 8 | ലിജോ നെടുവേലി | 15 | പശു – 40 |
| 9 | മോഹനൻ അറക്കൽ, വിലങ്ങന്നൂർ | 15 | പശു – 15 |
| 10 | ചെറിയാൻ തെക്കിനിയത്, വിലങ്ങന്നൂർ | 15 | പശു – 20 |

| ക്രമ നമ്പർ | ഫാം ഉടമയുടെ പേര് | വാർഡ് നമ്പർ | കന്നുകാലികളുടെ എണ്ണം |
|---|---|---|---|
| 11 | ഷിബു പുള്ളോലിക്കാൻ, കാളകുന്ന | 19 | പശു – 15 |
| 12 | മനോജ് കെ. പി. കുട്ടാലക്കൽ | 21 | പശു – 15 |
| 13 | വർഗീസ് ഏലിയാസ് ജോയ് പാലക്കാട്ട | 17 | പശു – 20 |
| 14 | മോൺസൺ മാത്യു കോഴിക്കുന്നത്ത്, വിലങ്ങന്നൂർ | 17 | പശു – 20 |
| 15 | തോമസ് കൈമല, മണ്ടൻചിറ | 11 | പശു – 15 |

**പൗൾട്ടറി ഫാം**

| ക്രമ നമ്പർ | ഫാം ഉടമയുടെ പേര് | വാർഡ് നമ്പർ | കോഴികളുടെ എണ്ണം |
|---|---|---|---|
| 1 | സന്തോഷ് കൃഷ്ണഭവനം | 8 | 1000 |
| 2 | തോമസ് പള്ളിമാലിൽ | 9 | 1000 |

പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ മേൽ ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ നാളിതു വരെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. കൂടാതെ 20ൽ കൂടുതൽ പശുക്കളുള്ള കെട്ടിടം, കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2019 പ്രകാരം ഗ്രൂപ്പ് ജി-1 (ഇൻഡസ്ട്രിയൽ ബിൽഡിങ്സ്) എന്ന ഗണത്തിൽ ഉൾപ്പെട്ട് പെർമിറ്റ് നേടിയവയായിരിക്കണം. ഇവയ്ക്ക് ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ ഗോബർ ഗ്യാസ് പ്ലാന്റ് ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരത്തിൽ നിയമാനുസൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് മാത്രമേ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് അനുവദിക്കാവൂ.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മേൽ ഫാമുകൾ പരിശോധിച്ച് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-10 അനധികൃതമായി പന്നിഫാമുകൾ പ്രവർത്തിക്കുന്നു

വെറ്ററിനറി സർജൻ ലഭ്യമാക്കിയ രേഖകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ 4 പന്നിഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ലഭ്യമാക്കിയ ലൈവ്സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ടി ഫാമുകൾ പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. ഫാമുകളുടെ വിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | ഫാം ഉടമയുടെ പേര് | വാർഡ് നമ്പർ | പന്നികളുടെ എണ്ണം |
|---|---|---|---|
| 1 | ജയൻ കൊച്ചത്ത്, നിന്നുകുഴി | 1 | 300 |
| 2 | വിഷ്ണു പെരിങ്ങണ്ടൂക്കാരൻ, നിന്നുകുഴി | 1 | 200 |
| 3 | ജോയ് അറക്കൽ, ചൂലിപ്പാടം | 5 | 15 |
| 4 | സജി തടത്തിൽ, ചാലമ്പാടം | 20 | 20 |

പഞ്ചായത്ത് പരിധിയിൽ, ചട്ട പ്രകാരം ലൈസെൻസ് ഉത്തരവുകൾ പാലിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് എന്നത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ : 07/26.09.24), മറുപടി ലഭ്യമാക്കിയില്ല.

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10(1) പ്രകാരം സെക്രട്ടറിയോ സെക്രട്ടറി അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആറു മാസത്തിലൊരിക്കൽ ലൈവ്സ്റ്റോക്ക് ഫാമുകളിൽ പരിശോധന നടത്തേണ്ടതും തന്റെ പരിശോധന റിപ്പോർട്ട് സെക്രട്ടറിക്കും

മൃഗസംരക്ഷണവകുപ്പിലെ ബന്ധപ്പെട്ട അധികാരിക്കും നൽകേണ്ടതും, അപ്രകാരം ലഭിക്കുന്ന റിപ്പോർട്ടിൻമേൽ ആവശ്യമെന്നു കാണുന്നപക്ഷം ഗ്രാമപഞ്ചായത്ത് തക്കതായ നടപടി സ്വീകരിക്കേണ്ടതുമാണ്. കേരള സംസ്ഥാന മലിനീകരണ ബോർഡ് 29.12.2023-ലെ KSPCB/406/2023-SEE-3 നമ്പർ നടപടിക്രമം പ്രകാരം പന്നി ഫാമുകൾ നടത്തുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി മാനദണ്ഡങ്ങൾ പാലിക്കാത്ത, സംസ്ഥാന മലിനീകരണ ബോർഡിൽ നിന്നും അനുമതി ലഭിക്കാത്ത ഫാമുകൾക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് അനുമതി നൽകുവാൻ പാടുള്ളതല്ല.

പഞ്ചായത്തിൽ നിന്നുള്ള ലൈസൻസില്ലാതെ ഇത്തരം ഫാമുകൾ പ്രവർത്തിക്കുന്നില്ല എന്നു ഉറപ്പുവരുത്തേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-11 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം, ഒരു പഞ്ചായത്ത് പ്രദേശത്ത്, ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ലഭ്യമാക്കിയ വ്യാപാര വ്യവസായ സംരഭക രജിസ്റ്ററും അപേക്ഷകളും ജീവനക്കാരുടെ തൊഴിൽനികുതി രജിസ്റ്ററും പരിശോധിച്ചതിൽ 2023-24-ൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് & കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഹോട്ടൽ ബാലാജി ഭവൻ ആൻഡ് ടോൾ ഗേറ്റ് ഹോട്ട് ചിപ്സ്, 6/452B | 4 |
| 2 | ബി കെയർ ബേക്കറി ആൻഡ് കിച്ചൺ എക്വിപ്മെന്റ്സ്,<br>22/12 A,B,C,D | 5 |
| 3 | ഹാനോക്ക് എജൻസീസ് പ്രൈവറ്റ് ലിമിറ്റഡ്, 19/524 A | 4 |
| 4 | സെന്റ് ബേസിൽ ഗ്രാനൈറ്റ്സ് ക്വാറി, 6/303 | 10 |
| 5 | മൂൺലൈറ്റ് ഷോപ്പിംഗ്, 21/222 | 4 |
| 6 | പീച്ചീസ് ഫാർമസി, 22/232 | 4 |
| 7 | പൈനാടത്ത് റിഫൈബറിങ് യുണിറ്റ് | 4 |
| 8 | പ്രീമിയം ടയേഴ്സ്, 22/149 H | 4 |
| 9 | എം. വി. എസ് ജുവല്ലറി വർക്ക്സ്, 10/282 A | 4 |
| 10 | ക്രൈസ്റ്റ് DTP സെന്റർ, 13/6 എ | 5 |
| 11 | അമിഗോ ഫാമിലി റെസ്റ്റോറന്റ്, 8/440 ബി | 6 |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 41/30.09.2024) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി, ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം, ഒരു പഞ്ചായത്ത് പ്രദേശത്ത്, ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾ, തൊഴിലിൽ ഏർപ്പെടുന്ന വ്യക്തികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്റർ, അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമാക്കിയ എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ മരാമത്ത്

പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ പൂർത്തിയാക്കിയ താഴെ കൊടുത്തിരിക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | ഷിബു പി. ഇ |
| 2 | ഷെജിമോൻ പി. ബി |
| 3 | മജീദ് വി. എം |
| 4 | ഷാജി കെ. എം |
| 5 | സജിമോൻ ഐ . പി |
| 6 | എൽദോ കുര്യൻ |
| 7 | പൗലോസ് കെ. ഇ |
| 8 | പ്രസീദ് പി. ടി |
| 9 | മണികണ്ഠൻ ടി. എസ് |
| 10 | പി. ഡി. ജേക്കബ് |
| 11 | സെബാസ്റ്റ്യൻ ജോസഫ് |
| 12 | മൊൺസൻ |
| 13 | ഷാജു എ. കെ |
| 14 | രാജൻ പി. എ |
| 15 | റോയ് കെ. എം |
| 16 | ഷിബു പി. ഇ |
| 17 | ജോഷി കെ. ജി |
| 18 | സാബു ഓ. കെ. |
| 19 | ദേവസ്സി ജേക്കബ് |
| 20 | ജിതിൻ വി. ആർ |

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 08/26.09.2024) മറുപടി ലഭ്യമാക്കിയില്ല. മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന കരാറുകാരുടെ 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

### 1. ബൈലോ നിലവിലില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 49 കെട്ടിടമുറികളാണ് നിലവിൽ വാടക ഈടാക്കുന്നതിനായി ഉപയോഗപ്പെടുത്തുന്നത്. എന്നാൽ നാളിതുവരെ സർക്കാർ അംഗീകരിച്ച വാടക ബൈലോ ഇല്ല. ആയത് തയ്യാറാക്കി അംഗീകരിക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ : 33/30.09.2024), ബൈലോയുടെ കരട് തയ്യാറാക്കിയിട്ടുണ്ടെന്നും ആയത് ഭരണസമിതി അംഗീകരിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2. വാടക കരാറിൽ ഏർപ്പെട്ടിട്ടില്ല

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 4/12, 4/13, 4/14, 4/15, 4/16, 4/18 എന്നീ 6 കെട്ടിടമുറികൾ വർഷങ്ങളായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന്റെ ഓഫീസ് പ്രവർത്തനങ്ങൾക്കായി വാടകക്ക് നൽകിയിട്ടുണ്ട്. 2019-20 മുതൽ 2023-24 വരെ പ്രതിവർഷം 11,329 എന്ന തുകയാണ് വാർഷിക വർദ്ധനവ് വരുത്താതെ മേൽ സൂചിപ്പിച്ച 6 കെട്ടിടങ്ങൾക്കുമായി ഒന്നിച്ച് ഈടാക്കി വരുന്നത്. മാത്രമല്ല വാടകയോടൊപ്പം GST തുകയും വൈകി അടവാക്കുന്നതിന് പിഴപലിശയും ഈടാക്കുന്നില്ല. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു

ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ഒരു പഞ്ചായത്തിന് വ്യാപാരത്തിനായുള്ളതോ അല്ലാത്തതോ ആയ കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും അവ ആവശ്യമുള്ള പൊതുജനങ്ങൾക്ക് ആക്ടിലേയും അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയും ഈ ആവശ്യത്തിലേക്കായി പഞ്ചായത്ത് ഉണ്ടാക്കിയേക്കാവുന്ന ബൈലായിലേയും വ്യവസ്ഥകൾക്കനുസരണമായി ലൈസൻസിന്മേൽ വാടകക്കോ പാട്ടത്തിനോ കൊടുക്കാവുന്നതും അവയുടെ ഉപയോഗത്തിനും കൈവശത്തിനും പഞ്ചായത്ത് നിശ്ചയിച്ചേക്കാവുന്ന ഫീസ് ചുമത്തുകയും ചെയ്യാവുന്നതാണ്. ഓരോ ലൈസൻസും ആ കെട്ടിടമോ അതിലുള്ള മുറിയോ ഇടമോ ഉപയോഗിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും ഉള്ള വ്യവസ്ഥകളും, ഫീസിന്റെ നിരക്കും, അത് കൊടുക്കേണ്ട സമയവും അതിൽ ഉൾക്കൊള്ളിച്ചിരിക്കേണ്ടതും മേൽപ്പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥകളും നിബന്ധനകളും ഉചിതമായ മൂല്യമുള്ള മുദ്രപത്രത്തിലുള്ള ഒരു കരാറിന്റെ രൂപത്തിൽ എഴുതിയുണ്ടാക്കിയതായിരിക്കേണ്ടതും ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫോറം III-ന് അനുയോജ്യമായിരിക്കേണ്ടതും ആണ്. എന്നാൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുമായുള്ള കരാർ/കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ എന്നിവയുടെ അഭാവത്തിൽ വാടകയിൽ കാലാനുസൃതമായ വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുമായി മേൽ ചട്ടങ്ങൾ പ്രകാരമുള്ള കരാറിൽ ഏർപ്പെടേണ്ടതും കാലാനുസൃതമായ വാർഷിക വർദ്ധനവ് വാടകയിൽ വരുത്തേണ്ടതുമാണ്. തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 ദുർബലാവസ്ഥയിൽ ഉള്ള പഞ്ചായത്ത് കെട്ടിടത്തിൽ നിലവിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലെക്സിന്റെ മുകളിൽ ട്രെസ്സ് വർക്ക് നടത്തുന്നതിനായി 2023-24-ൽ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തിയിരുന്നു. കെട്ടിടത്തിൽ സാരമായ വിള്ളലുകൾ ഉള്ളതായി കണ്ടെത്തിയതിനാലും കെട്ടിടത്തിന് കാലപ്പഴക്കം ഉള്ളതിനാലും കെട്ടിടം അൺഫിറ്റായി പരിഗണിച്ച് പൊളിച്ചു പണിയുന്നതിന് സെക്രട്ടറിക്ക് 15.11.2023-ൽ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പട്ടിക്കാട് ബസ്സ്റ്റാൻഡിൽ സ്ഥിതി ചെയ്യുന്ന 22 കെട്ടിട മുറികളോട് കൂടിയ ഷോപ്പിംഗ് കോംപ്ലക്സിൽ നിലവിലും വാടകക്ക് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ കെട്ടിടം പൊളിച്ചു കളയുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ : 40/30.09.24), നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത മുന്നിൽ കണ്ടു കൊണ്ട് കെട്ടിടത്തിൽ നിന്നും സ്ഥാപനങ്ങൾ ത്വരിതഗതിയിൽ മാറ്റിപാർപ്പിച്ച് കെട്ടിടം പുതുക്കി പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 പെർമിറ്റ് ഫീസ് കുറവ് ഈടാക്കി-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 79,519 രൂപ അടവാക്കി

പാണഞ്ചേരി വില്ലേജിൽ 72/2 സർവ്വേ നമ്പറിൽ 463.22 ച. മീ. വിസ്തീർണ്ണത്തിൽ അസംബ്ലി കെട്ടിടം നിർമ്മിക്കുന്നതിനായി പ്രസിഡന്റ്, അമിഗോസ് ക്ലബ്ബ്, പാണഞ്ചേരി എന്നവർക്ക് പഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിച്ചിട്ടുണ്ട് (നമ്പർ:ബി-4-3762/13.05.2015). ആയതിന്റെ കാലാവധി 16.09.2018 തീയതിയിൽ അവസാനിച്ചിട്ടുള്ളതാണ്. അതിനു ശേഷം പെർമിറ്റ് കാലാവധി നീട്ടി ലഭിക്കുന്നതിനായി കെട്ടിട ഉടമ അപേക്ഷിച്ചിട്ടില്ല. തുടർന്ന് 21.07.2023-ൽ കെട്ടിടം നിർമ്മാണം അനുമതി ലഭിക്കുന്നതിനായി കെട്ടിടയുടമ പുതിയ പ്ലാനുകളോടെ അപേക്ഷിക്കുകയും ആയതിന് പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഫയൽ നമ്പർ : SC3-5045

അപേക്ഷ തീയതി : 21.7.2023

പെർമിറ്റ് നമ്പർ : എ3-349191/2023

പെർമിറ്റ് തീയതി : 27.10.23

ഉപയോഗക്രമം : അസംബ്ലി (ഡി ഗണം)

തറവിസ്തീർണ്ണം : 993.88 ച. മീ.

ഈടാക്കിയ പെർമിറ്റ് ഫീസ് : 9939

രസീതി നമ്പർ : 1230301458/26.10.2023

31.03.2023-ലെ സ.ഉ.(കൈ)നം.85/2023/എൽ.എസ്.ജി.ഡി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 10.04.2023 തീയതി മുതൽ പുതുക്കിയ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കുന്നത്. ആയതുപ്രകാരം 300 ച.മീറ്ററിൽ അധികരിക്കുന്ന അസംബ്ലി ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 150 രൂപ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 16.09.2018-ൽ കാലാവധി തീർന്ന മുൻ പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് മേൽ കെട്ടിടത്തിന്റെ ഫീസ് കണക്കാക്കി ഈടാക്കിയിട്ടുള്ളത്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഈടാക്കേണ്ട ഫീസ് = 993.88 X 150 = 149082

ഈടാക്കിയ ഫീസ് = 993.88 X 10 = 9939

ഈടാക്കാൻ ബാക്കിയുള്ള തുക = 139143

30.07.2024 തീയതിയിലെ സ.ഉ.(കൈ)നം..97/2024/LSGD ഉത്തരവ് പ്രകാരം 300 ച.മീറ്ററിൽ അധികരിക്കുന്ന അസംബ്ലി ഗണത്തിൽ പെടുന്ന കെട്ടിടങ്ങൾക്കുള്ള പെർമിറ്റ് ഫീസ് ച.മീറ്ററിന് 90 രൂപയായി പരിഷ്കരിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം ഈടാക്കേണ്ട പെർമിറ്റ് ഫീസ് = 993.88 X 90= 89,449

ഈടാക്കിയ ഫീസ് = 9939

ഈടാക്കാൻ ബാക്കിയുള്ള തുക = 79519

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് (നമ്പർ: 28/28.09.24), പെർമിറ്റ് ഫീസിനത്തിൽ ഈടാക്കാൻ ബാക്കിയുള്ള 79510 രൂപ 1240102704/30.09.24 നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ലൈസൻസ് നൽകുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കുന്നില്ല

2023-24-ലെ വ്യാപാര വ്യവസായ സംരംഭക ലൈസൻസ് രജിസ്റ്ററും സഞ്ചയ സോഫ്റ്റ്‌വെയറും പരിശോധിച്ചതിൽ താഴെപ്പറയുന്ന ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ ഉപയോഗക്രമവും ടി കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച ഉപയോഗക്രമവും വ്യത്യാസപ്പെട്ടിരിക്കുന്നു.
വിശദ വിവരങ്ങൾ പട്ടികയായി ചേർക്കുന്നു.

| ക്രമ നമ്പർ | ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | സ്ഥാപനം ലൈസൻസ് നേടി പ്രവർത്തിക്കുന്നത് | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം |
|---|---|---|---|---|---|---|
| 1 | 520 | ലഭ്യമല്ല | 8/441 G | ബേക്കറി മെഷീനുകളുടെ നിർമ്മാണം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 34.98ച. മീ. |
| 2 | 113 | ബാസ്സ് പ്രൊജെക്ട്സ് | 8/544 A | ഹോളോബ്രിക്ക്സ് നിർമ്മാണം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 50 ച. മീ. |
| 3 | 84 | അന്ന ബേക്കറി | 4/66B | ബേക്കറി ഐറ്റംസ് നിർമ്മാണം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 65.88 ച. മീ |
| 4 | 280 | ഷെക്കീന മീഡിയ മിഷൻ | 1/281 F | റിലീജിയസ് പ്രോഗ്രാംസ് ആൻഡ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, | 1038.86 ച. മീ |

| | | | | | | |
|---|---|---|---|---|---|---|
| | | | | പ്രൊഡക്ഷൻ | റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | |

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 17 പ്രകാരം ചട്ടം 4-ൽ പരാമർശിക്കുന്ന ഏതെങ്കിലും ഉപയോഗക്രമത്തിൽ മാറ്റം വന്നാൽ 30 ദിവസത്തിനകം ആയതു കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും അതോടൊപ്പം 11-ാം ചട്ടപ്രകാരമുള്ള ഒരു പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ:27/28.09.24) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത കെട്ടിടങ്ങളെ നിലവിൽ ലൈസൻസ് നേടിയ ഉപയോഗക്രമത്തിലേക്ക് ക്രമവൽക്കരിച്ച് നികുതി പുന:നിർണ്ണയം നടത്തി മാറ്റം വന്ന കാലയളവ് മുതൽ നാളിതുവരെയുള്ള വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 ജീവൻജ്യോതി സ്കൂൾ, പട്ടിക്കാട്-കെട്ടിടങ്ങൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 207 ബി എ പ്രകാരം സർക്കാർ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾക്കും നൽകിയിരുന്ന വസ്തുനികുതി ഇളവ്, 2023-ലെ 18-ാം ആക്ട് (28.03.2023-ലെ നമ്പർ 15(2)/ലെഗ്.എ2 /2023/നിയമം) പ്രകാരം 01.04.2023 മുതൽ ഒഴിവാക്കിയിട്ടുള്ളതാണ്. ആയത് പ്രകാരം സർക്കാർ, കേന്ദ്രസർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒഴികെ അൺ എയ്ഡഡ് വിദ്യാഭ്യാസ കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനഃക്രമീകരിച്ച് ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ജീവൻജ്യോതി സ്കൂൾ, പട്ടിക്കാട് എന്ന അൺ എയ്ഡഡ് സ്കൂളിന് മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നികുതി പരിഷ്കരിച്ച് ഈടാക്കിയിട്ടില്ല. സഞ്ചയപ്രകാരമുള്ള കെട്ടിടത്തിന്റെ വിവരങ്ങൾ പട്ടികപ്പെടുത്തുന്നു.

| കെട്ടിട നമ്പർ | കെട്ടിട വിവരങ്ങൾ | തറവിസ്തീർണ്ണം | കുറിപ്പ് |
|---|---|---|---|
| 1/285 | ജീവൻജ്യോതി സ്കൂൾ, പട്ടിക്കാട്. | 2079.67 ച.മീ. | 2021 ആദ്യ പാദം മുതൽ നികുതി ഒഴിവാക്കി നൽകി. (വിദ്യാഭ്യാസ സ്ഥാപനം - എയിഡഡ് (സെ. 207(1 (ബി)) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാനത്തിൽ നികുതി ഒഴിവാക്കി) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ:12/26.09.2024), വസ്തുനികുതി പുനർനിർണയം നടത്തി ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ സ്കൂളിൽ പ്രാദേശിക പരിശോധന നടത്തി അധികനിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ആയത് ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്.

## 1-18 ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കി നൽകി

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 207 പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങൾ, അനുബന്ധ ഹോസ്റ്റലുകൾ, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, അറുപത് ച.മീറ്ററിൽ കുറവുള്ള വാസ ഗൃഹങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എന്നാൽ,

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ വസ്തുനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വിവരങ്ങൾ പട്ടികപ്പെടുത്തുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | സ്ഥാപന വിവരങ്ങൾ | തറവിസ്തീർണ്ണം |
|---|---|---|---|
| 1 | 2/253 | ഗോപി റ്റി. വി, തലപ്പുള്ളിക്കാട്ടിൽ, സിറ്റിഗാർഡൻ, പട്ടിക്കാട് | 131 ച. മീ. |
| 2 | 2/399 | ട്രൈബൽ ഡെവലപ്പ്മെൻറ് ഓഫീസ്, ചാലക്കുടി | 177 ച. മീ. |
| 3 | 6/233 | ഉദയം ഗ്രാമീണ പൗരസമിതി, ചുവന്നമണ്ണ് | 84 ച. മീ. |
| 4 | 7/323 | എക്സിക്യൂട്ടീവ് കമ്മിറ്റി, വാണിയമ്പാറ | 40 ച. മീ. |
| 5 | 8/876 | ഷോപ്പിങ് സെന്റർ ജോണി, വാണിയമ്പാറ | 17.32 ച. മീ. |
| 6 | 8/875 | ഷോപ്പിങ് സെന്റർ | 17.32 ച. മീ. |
| 7 | 13/458 | കേരള എൻജിനീയറിങ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി | 271.85 ച. മീ. |
| 8 | 17/472 | കെ.എഫ്.ആർ.ഐ . ഫ്യൂവൽ സ്റ്റേഷൻ, കണ്ണാറ | 30.8 ച. മീ. |
| 9 | 22/40 | കൃഷി അസിസ്ററന്റ് ഡയറക്ടർ, ഒല്ലൂക്കര | 48 ച. മീ. |
| 10 | 22/129 | ജൂനിയർ അഗ്രികൾച്ചറൽ ക്വാട്ടേഴ്സ് | 242.4 ച. മീ. |
| 11 | 22/129 A | സീനിയർ അഗ്രികൾച്ചർ ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി, പട്ടിക്കാട്. | 117.53 ച. മീ. |
| 12 | 22/130 | ജൂനിയർ അഗ്രികൾച്ചറൽ ക്വാട്ടേഴ്സ്, പാണഞ്ചേരി, പട്ടിക്കാട് | 80 ച. മീ. |
| 13 | 22/131 | ജൂനിയർ അഗ്രികൾച്ചറൽ ക്വാട്ടേഴ്സ്, പട്ടിക്കാട് | 146 ച. മീ. |

മേൽ കെട്ടിടങ്ങൾക്ക് നികുതി ഇളവ് നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ:22/27.09.24), പരിശോധന നടത്തി വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുന:പരിശോധിക്കേണ്ടതും നിയമപ്രകാരം നികുതി ഈടാക്കേണ്ട കെട്ടിടങ്ങളിൽ നിന്ന് നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മാത്രമല്ല, മറ്റേതെങ്കിലും കെട്ടിടങ്ങൾ ഇത്തരത്തിൽ ഒഴിവാക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധന നടത്തേണ്ടതും വസ്തുനികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

**1-19 സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ-വസ്തുനികുതി ഈടാക്കുന്നില്ല**

05.04.2023 തീയതിയിലെ സ.ഉ.(അച്ചടി)25/2023/ത.സ്വ.ഭ.വ നമ്പർ വസ്തുനികുതി പരിഷ്കരണ ഉത്തരവ് പ്രകാരം സ്വിമ്മിംഗ് പൂളുകൾ, ജിംനേഷ്യങ്ങൾ, ടർഫുകൾ (ഫീസ് നൽകി പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്നവ/വാണിജ്യ സ്വഭാവത്തോട് കൂടിയവ) എന്ന ഉപയോഗക്രമത്തിന് എന്ന് നിരക്ക് നിശ്ചയിച്ചിട്ടുള്ളതാണ് (കുറഞ്ഞത് ച. മീറ്ററിന് 25 രൂപയും കൂടിയത് 45 രൂപയും). പഞ്ചായത്ത് ഈ ഉപയോഗക്രമത്തിലുള്ളവയ്ക്ക് ച. മീറ്ററിന് 40 രൂപ നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. വസ്തുനികുതി ഡാറ്റാബേസ് ആയ സഞ്ചയ പ്രകാരം പ്രസ്തുത ഉപയോഗക്രമത്തിൽപ്പെട്ട നിർമ്മിതികൾക്കൊന്നും പഞ്ചായത്തിൽ നികുതി നിർണ്ണയിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മേൽ ഗണത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ:9/26.09.2024) താഴെ കൊടുത്ത പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**1. സ്വിമ്മിംഗ് പൂളുകൾ**

വാർഡ് 23-മുടിക്കോട് വട്ടക്കല്ല് സതീഷ് എ. ബി. എന്നവരുടെ ഉടമസ്ഥതയിലുള്ള ഇൻഡോർ സ്വിമ്മിങ് പൂൾ

**2. ജിംനേഷ്യങ്ങൾ**

1) ഓക്സിജൻ ഫിറ്റ്നസ് സെന്റർ : കെട്ടിട നമ്പർ ഇല്ല. വിനോദ് കുമാർ, രായിരത്തു ബിൽഡിങ് പട്ടിക്കാട് എന്നവരുടെ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തനം

2) മാജിക്ക് ഫിറ്റ്നസ് സെന്റർ : കെട്ടിട നമ്പർ ഇല്ല. സണ്ണി ആലപ്പാട്ട് എന്നവരുടെ ഷോപ്പിംഗ് കോംപ്ലക്സിൽ പ്രവർത്തനം

3. ടർഫുകൾ

1. ഗോൾ കാസിൽ, ആൾപ്പാറ സെന്റ് ജോസഫ് കപ്പേളക്ക് സമീപം

2. ഡ്രിബ്ള്സ് ആൻഡ് ടാക്കിൾസ്, ആൾപ്പാറ സെന്റ് ജോസഫ് കപ്പേളക്ക് സമീപം

പഞ്ചായത്ത് പരിധിയിൽ വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന മേൽ സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല. അനധികൃതമായി പ്രവർത്തിക്കുന്ന മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾ ചട്ടപ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നാളിതുവരെയുള്ള വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-20 ഗ്രീൻ വാലി റിസോർട്ട്-കെട്ടിടത്തെ 'ലോഡ്ജ്' ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കുന്നു

പഞ്ചായത്ത് പരിധിയിൽ റിസോർട്ട് ആവശ്യത്തിനായി വ്യാപാര വ്യവസായ സംരംഭക ലൈസൻസ് നേടി പ്രവർത്തിക്കുന്ന 'പീച്ചി ഗ്രീൻവാലി റിസോർട്ട്' എന്ന സ്ഥാപനത്തിന്റെ വസ്തുനികുതി തെറ്റായനിരക്കിൽ ഈടാക്കി വരുന്നു. കെട്ടിടത്തിന്റെ സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് | പീച്ചി ഗ്രീൻവാലി റിസോർട്ട് |
| ലൈസൻസ് നമ്പർ | 798/2023-24<br>4000/-/1230106252/01.03.2023 |
| കെട്ടിട നമ്പർ | 12/356 F, G, D<br>ഫയൽ നമ്പർ: SC4-2023/1798 |
| കെട്ടിട ഉടമയുടെ പേര് | ഇ. എൽ ജോസ്, മോഹൻ ഗോപകുമാർ സന്തോഷ് ജേക്കബ്, ബാബു പി. പി., എടക്കളത്തൂർ ചെങ്ങാലി ഹൗസ്, പീച്ചി |
| കെട്ടിടത്തിന്റെ ഉപയോഗക്രമം | 12/356 F = 74.66 ച.മീ (ലോഡ്ജ്)<br>12/356 G = 31.94ച.മീ (ലോഡ്ജ്)<br>12/356 D = 41.1ച.മീ (ലോഡ്ജ്) |

റിസോർട്ട് എന്ന് പരസ്യപ്പെടുത്തി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തെ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കിയതിനു കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ:36/30.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

നിലവിൽ ലോഡ്ജ് ഗണത്തിൽ ഉൾപ്പെടുത്തിയത് മൂലം ച.മീറ്ററിന് 60 രൂപ നിരക്കിലാണ് വസ്തുനികുതി (147.7x60=8862) ഈടാക്കി വരുന്നത്. എന്നാൽ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ച.മീറ്ററിന് 80 രൂപ എന്ന നിരക്കിലാണ് വസ്തു നികുതി നിർണ്ണയിച്ചിരുന്നെങ്കിൽ (147.7x80=11816) അടിസ്ഥാനവസ്തുനികുതിയിൽ മാത്രമായി 2954 രൂപ (11816-8862) വരുമാനനഷ്ടം ഒഴിവാക്കാമായിരുന്നു. ആയതിനാൽ കെട്ടിടങ്ങളെ സേവനം നൽകുന്ന റിസോർട്ട് ഗണത്തിലേക്ക് വസ്തുനികുതി പുനഃനിർണ്ണയം നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനം സേവനം ആരംഭിച്ചത് മുതലുള്ള വസ്തുനികുതി ഈടാക്കുകയും ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ കോമ്പൗണ്ടിൽ മറ്റ് നിർമ്മാണങ്ങൾ ഉണ്ടെങ്കിൽ ആയത് ക്രമവൽക്കരണം നടത്തേണ്ടതും വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 1-21 വിവിധ അനധികൃത കെട്ടിടങ്ങളിലായി ആയുർവേദ സുഖചികിത്സാ കേന്ദ്രം പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ 2023-24 സാമ്പത്തിക വർഷത്തെ വ്യാപാര വ്യവസായ സംരംഭക രജിസ്റ്റർ പ്രകാരം 'നേച്ചർ ലൈഫ് ഇന്റർനാഷണൽ നാച്ചുറോപ്പതി ആൻഡ് ആയുർവേദ' എന്ന സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് രേഖകൾ പ്രകാരം നിയമാനുസൃതമായി നിർമ്മിച്ച 80 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാണ് ഈ സ്ഥാപനത്തിന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ പെർമിറ്റ് നേടാതെ അനധികൃതമായി നിർമ്മാണം നടത്തിയും വസ്തുനികുതി ഈടാക്കാതെയും 11 ഓളം

കെട്ടിടങ്ങൾ ആയുർവേദ സുഖചികിത്സാ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തി വർഷങ്ങളായി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്നു.






വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്ഥാപനത്തിന്റെ പേര് | നേച്ചർ ലൈഫ് ഇന്റർനാഷണൽ നാച്ചുറോപ്പതി ആൻഡ് ആയുർവേദ |
| ലൈസൻസ് വിവരങ്ങൾ | നമ്പർ : 352/2023-24<br>ഫയൽ നമ്പർ: SC4-2023/1773/09.03.2023 |
| പാരാമെഡിക്കൽ രജിസ്ട്രേഷൻ വിവരങ്ങൾ | ₹50<br>1230001809/07.03.24 |
| കെട്ടിട നമ്പർ | 2/516 |
| സഞ്ചയപ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം | റിസോർട്ട് |
| 2024-25-ൽ ഉടമസ്ഥാവകാശ മാറ്റം വരുത്തിയതിന്റെ വിവരങ്ങൾ | ഫയൽ നമ്പർ:<br>400691/PTRE24/GENERAL ADMINISTRATION/2024/7240 (17.08.2024)<br>പഴയ ഉടമയുടെ പേര്:<br>'രായിരത്ത് റസോർട്ട്'<br>സുധാകരൻ രായിരത്ത്, ചെമ്പ്രൂത്ര.<br>പുതിയ ഉടമയുടെ പേര്: നേച്ചർ ലൈഫ് ഇന്റർനാഷണൽ നാച്ചുറോപ്പതി ആൻഡ് ആയുർവേദ<br>സന്ധ്യ എം. സി., മുരിങ്ങനാട്ടുചാലിൽ, പനങ്ങാട്. |

പാരാമെഡിക്കൽ രജിസ്റ്റർ പ്രകാരം 2021-22 മുതൽ 'നേച്ചർ ലൈഫ് ഇന്റർനാഷണൽ ആയുർവേദ ആൻഡ്

നാച്ചുറോപ്പതി' എന്ന ഈ സ്ഥാപനം പാരാമെഡിക്കൽ രജിസ്ട്രേഷൻ നേടി പ്രവർത്തിച്ചു വരുന്നുണ്ട്. ടി കെട്ടിടത്തിൽ "രായിരത് ആയുർ റിസോർട്ട്" എന്ന സ്ഥാപനം പ്രവർത്തിച്ചു വരികയായിരുന്നു. ടി കെട്ടിടം നിലവിൽ 17.08.2024-ൽ ഉടമസ്ഥാവകാശം മാറ്റുന്നതിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ച് "നേച്ചർ ലൈഫ് ഇന്റർനാഷണൽ ആയുർവേദ ആൻഡ് നാച്ചുറോപ്പതി" എന്ന സ്ഥാപനം പ്രവർത്തിക്കുന്നതിന് ഉപയോഗപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. പുതിയ സ്ഥാപനം പ്രവർത്തനം തുടങ്ങി വർഷങ്ങൾ കഴിഞ്ഞാണ് ഉടമസ്ഥാവകാശം മാറ്റിയത്. മുൻ സ്ഥാപനം പ്രവർത്തിച്ചപ്പോൾ കെട്ടിടത്തിലെ അധിക നിർമ്മാണങ്ങൾ കണ്ടെത്തി ആയതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിന്റെയും അഥവാ പുതിയ സ്ഥാപനം ലൈസൻസ് നേടുന്നതിന് അപേക്ഷിച്ചപ്പോൾ പ്രാദേശികപരിശോധന നടത്തി ആയതിൽ അധിക നിർമ്മാണം നടത്തിയത് കണ്ടെത്തിയിരുന്നോ ഉണ്ടെങ്കിൽ ആയതിനെതിരെ സ്വീകരിച്ച നടപടി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നതിന്റെയും ഈ അനധികൃത കെട്ടിടങ്ങളുടെ അനധികൃത പ്രവർത്തനത്തെ കുറിച്ച് നാളിതു വരെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടെങ്കിൽ സ്ഥാപനത്തിനെതിരെ ചട്ടപ്രകാരം സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ :31/30.09.2024 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

24.09.2024 തീയതിയിൽ എൽ.എസ്.ജി.ഡി. സാങ്കേതിക വിഭാഗവും ഓഡിറ്റ് വിഭാഗവും ഒന്നിച്ചു നടത്തിയ സ്ഥല പരിശോധനയിൽ സ്ഥാപനത്തിൽ സേവനം നടത്തുന്നതിനുള്ള ഡോക്ടേഴ്സ് കൺസൾട്ടിങ് റൂമുകൾ, മരുന്നുനിർമ്മാണകേന്ദ്രങ്ങൾ, മരുന്നുകൾ സംഭരിച്ചിരിക്കുന്ന സ്ഥലങ്ങൾ, ഉഴിച്ചിൽ നടത്തുന്നതിന്റെ റൂമുകൾ, മറ്റ് വിവിധ തരത്തിലുള്ള ചികിത്സാ രീതികൾക്ക് ഉപയോഗപ്പെടുത്തുന്ന ട്രീറ്റ്മെന്റ് റൂമുകൾ, രോഗികൾക്ക് താമസിക്കാനുള്ള റൂമുകൾ/കോട്ടേജുകൾ (ലക്ഷ്വറി, ഇക്കണോമി) ഭക്ഷണശാലകൾ, ഓഫീസ് റൂമുകൾ, വിശ്രമകേന്ദ്രങ്ങൾ മറ്റ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും ഉള്ളതായി കണ്ടു. ഈ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ ഇല്ലാത്തവയാണ്. സാങ്കേതിക വിഭാഗം കെട്ടിടങ്ങൾ പ്രാഥമികമായി അളന്നു തിട്ടപ്പെടുത്തിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. കെട്ടിടം - 1 (കെട്ടിട നമ്പർ- 2/516 പതിച്ചിട്ടുണ്ട്)

ഗ്രൗണ്ട് ഫ്ലോർ - 191.51 ച. മീ.

ഒന്നാം നില - 180.17 ച. മീ.

2. കെട്ടിടം - 2

27.54 ച. മീ.

3. കെട്ടിടം - 3

4.55 ച. മീ.

4. കെട്ടിടം - 4

116.56 ച. മീ.

5. കെട്ടിടം - 5

102.12 ച. മീ.

90.216 ച. മീ.

125.448ച. മീ.

6. കെട്ടിടം - 6

57.46 ച. മീ.

4.235ച. മീ.

7. കെട്ടിടം - 7

38.7ച. മീ.

3.34ച. മീ.

8. കെട്ടിടം - 8

38.7ച. മീ.

3.34ച. മീ.

9. കെട്ടിടം – 9

36.288ച. മീ.

74.7 ച. മീ.

10. കെട്ടിടം – 10

235.42 ച. മീ.

43.16 ച. മീ.

11. കെട്ടിടം – 11

60.77ച. മീ.

വിവിധ കെട്ടിടങ്ങളിലായി ആകെ 1434 ച. മീ. വിസ്തീർണ്ണമാണ് പ്രഥമ പരിശോധനയിൽ കണ്ടത്. റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിവരുന്ന 2/516 നമ്പർ കെട്ടിടത്തിലും മറ്റു കെട്ടിടങ്ങളിലും ആയുർവേദ സുഖചികിത്സാ കേന്ദ്രമാണ് പ്രവർത്തിച്ചു വരുന്നത് എന്ന് നേരിട്ട് ബോധ്യപ്പെട്ടു. ആയുർവേദ- പ്രകൃതിചികിത്സാ രീതികൾ അവലംബിക്കുന്ന രീതികളാണ് കെട്ടിടങ്ങളിൽ മുഴുവൻ ഉപയോഗപ്പെടുത്തുന്നത്. ഈ സ്ഥാപനത്തിന് കേരള പഞ്ചായത്ത് രാജ് നിയമം, 232-ാം വകുപ്പ് പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും പ്രകാരം ലൈസൻസ് നൽകിയപ്പോൾ അനുവദിച്ച കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കപ്പെട്ടിട്ടില്ല.

അനധികൃത നിർമ്മാണങ്ങൾ ഗ്രാമപഞ്ചായത്തിന് തനതുഫണ്ടിൽ വലിയ തോതിലുള്ള ധനനഷ്ടത്തിന് ഇടയാക്കുന്നുണ്ട്. ടി സ്ഥാപനത്തിന്റെ കോംപൗണ്ടിലെ അനധികൃത കെട്ടിടങ്ങളെ വ്യാപാര വ്യവസായ സംരംഭക ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ, ഉടമസ്ഥാവകാശം മാറ്റം വരുത്തൽ, 2023-ലെ വസ്തുനികുതി പരിഷ്ക്കരണം നടപ്പിലാക്കൽ എന്നിങ്ങനെ നിരവധി അപേക്ഷകൾ ലഭിച്ചിട്ടും സ്ഥാപനം നാളിതുവരെ പരിശോധിക്കപ്പെടാതിരുന്നതും ആയതിനെതിരെ നിയമനടപടികൾ സ്വീകരിക്കാതിരുന്നതും അധികാരികളുടെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ (ആയുർവേദ സുഖചികിത്സാ കേന്ദ്രമായി പ്രവർത്തിച്ചത് മുതൽ) ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തിയ്യതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തിയ്യതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുക, അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി വകുപ്പ് 235 എഎ (3) ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ അനുവദിച്ച് കെട്ടിടഉടമയിൽ നിന്നും ഈടാക്കേണ്ടതാണ്. പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് കെട്ടിടം ക്രമവൽക്കരിക്കുന്നതുവരെ മേൽ ചട്ടപ്രകാരമുള്ള യു. എ. നമ്പർ നൽകി വസ്തുനികുതി ഈടാക്കേണ്ടതാണ്.

സ്ഥാപനത്തിനെതിരെ ചട്ടപ്രകാരം സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ച് വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-22 കൺവെൻഷൻ സെന്റർ, കല്യാണമണ്ഡപങ്ങൾ എന്നിവ വാണിജ്യാവശ്യത്തിനുള്ള ഗണത്തിൽ വസ്തുനികുതി നിർണ്ണയം നടത്തി അനധികൃതമായി പ്രവർത്തിച്ചു വരുന്നു.**

പഞ്ചായത്തിൽ 22-ാം വാർഡിൽ ഹൈവേയോട് ചേർന്ന് പ്രവർത്തിക്കുന്ന **'ഡ്രീം സിറ്റി'** എന്ന ഷോപ്പിങ് കോംപ്ലക്സിൽ കൺവെൻഷൻ സെന്റർ, കല്യാണമണ്ഡപങ്ങൾ എന്നിവ വർഷങ്ങളായി പ്രവർത്തിച്ചു വരുന്നു. ഈ കെട്ടിടസമുച്ചയത്തിൽ എഴുപത്തഞ്ചോളം പേരെ ഉൾക്കൊള്ളാവുന്ന **അമൃതം മിനി ഓഡിറ്റോറിയം**, അറുന്നൂറ് പേരെ ഉൾക്കൊള്ളാവുന്ന **നവമി ഓഡിറ്റോറിയം**, 1400 പേരെ ഉൾക്കൊള്ളാവുന്ന **ഡ്രീം സിറ്റി കൺവെൻഷൻ സെന്റർ** 3

അസംബ്ലി ഹാളുകൾ ഉണ്ടെന്നുള്ള വിവരം ഇന്റർനെറ്റിൽ നിന്നും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 24.09.2024 തീയതിയിൽ എൽ.എസ്.ജി.ഡി. സാങ്കേതിക വിഭാഗവും ഓഡിറ്റ് വിഭാഗവും ഒന്നിച്ച് നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടസമുച്ചയത്തിൽ രണ്ട് ഓഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടു ബോധ്യപ്പെട്ടു. എന്നാൽ സഞ്ചയപ്രകാരം പഞ്ചായത്തിലെ 22-ാം വാർഡിൽ അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ, കല്യാണമണ്ഡപം എന്നിങ്ങനെ ഉള്ള ഗണത്തിൽ യാതൊരു കെട്ടിടങ്ങളും വസ്തുനികുതി അടവാക്കുന്നില്ല. സ്ഥലപരിശോധനയിൽ കണ്ടെത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. ഡ്രീം സിറ്റി കൺവെൻഷൻ സെന്റർ എ/സി**

ടി കെട്ടിടത്തിൽ 22/654 എന്ന നമ്പർ ആണ് പതിപ്പിച്ചത്. ആയത് സഞ്ചയ പ്രകാരം 120.2 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമാണ്. എന്നാൽ മെസ്സാനിൻ നിലകളോട് കൂടിയ വിശാലമായ എ/സി ഓഡിറ്റോറിയമാണ് പ്രവർത്തിക്കുന്നത് എന്ന് കണ്ടു. പ്രാഥമിക പരിശോധനയിൽ മെസാനിൻ ഫ്ലോർ ഒഴികെ ഏകദേശം 596 ച.മീറ്റർ ഏരിയ ഉള്ളതായി ബോധ്യപ്പെട്ടു.





**2. നവമി ഓഡിറ്റോറിയം**

ഡ്രീം സിറ്റി കൺവെൻഷൻ സെന്ററിനോട് ചേർന്നുള്ള മറ്റൊരു ഓഡിറ്റോറിയമാണ് ഇത്. 290 ച.മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് വ്യത്യസ്ത കെട്ടിട നമ്പർ പതിപ്പിച്ചിട്ടില്ല.

2019-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഗ്രൂപ്പ് ഡി വിഭാഗത്തിലാണ് ഇത്തരം കെട്ടിടങ്ങളെ ഉൾപ്പെടുത്തേണ്ടത് എന്നിരിക്കെ മേൽ പറഞ്ഞ പ്രകാരമുള്ള തെറ്റായ ഗണത്തിലുൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. മേൽ സ്ഥാപനങ്ങളുടെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ : 32/30.09.2024) മറുപടി ലഭ്യമാക്കിയില്ല.

വർഷങ്ങളായി കെട്ടിടങ്ങൾ ഓഡിറ്റോറിയമായാണ് ഉപയോഗിച്ചു വരുന്നത്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ വ്യവസ്ഥകൾക്കുവിധേയമായി ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തിയതോ അല്ലെങ്കിൽ സ്വയം സംഭവിച്ചതോ ആയ മാറ്റങ്ങളുടെ വിവരങ്ങൾ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് പിഴ ഒഴിവാക്കി വിവരം നൽകുന്നതിന് 22.03.2023 തീയതിയിലെ സ.ഉ(കൈ)77/2023/ത.സ്വ.ഭ.വ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിച്ച് വസ്തുനികുതി ഈടാക്കുന്നതിനുള്ള യാതൊരു പ്രവർത്തനങ്ങളും നാളിതുവരെ പഞ്ചായത്ത് നടപ്പാക്കാത്തത് പഞ്ചായത്ത് അധികൃതരുടെ വീഴ്ചയായി കാണുന്നു. വാണിജ്യഗണത്തിൽ പെർമിറ്റ് നേടിയ കെട്ടിടം കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ ഗ്രൂപ്പ് ഡി-ഉപയോഗക്രമത്തിൽ ഉപയോഗപ്പെടുത്തുന്നത് ചട്ടവിരുദ്ധമാണ്. 2019-ലെ കെട്ടിടനിർമ്മാണചട്ടങ്ങൾ പ്രകാരം അനധികൃതമായി നടത്തിയ നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് സേവനം നടത്തുന്ന ഗണത്തിലേക്ക് മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും നാളിതുവരെയുള്ള വസ്തുനികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-23 വാണിജ്യാവശ്യഗണത്തിൽ കെട്ടിടാനുമതി നേടി വസ്തുനികുതി നിർണ്ണയിച്ച ബഹുനില കെട്ടിടത്തിന്റെ മുഴുവൻ ഭാഗവും ഓഡിറ്റോറിയമായി പ്രവർത്തിച്ചു വരുന്നു വരുന്നു**

2023-24-ൽ വാണിജ്യാവശ്യത്തിന് നമ്പറിങ് അനുവദിച്ച 23-ാം വാർഡിലെ അബ്ദുൽ സലാം പി. എം. പണിക്കശ്ശേരി എന്നവരുടെ 1758.49 ച. മീറ്റർ വിസ്തൃതിയിലുള്ള കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും 23/173 B, 23/173 C എന്നീ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ (നമ്പർ:1456/2022) പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന അപാകതകൾ കാണുന്നു.

| | |
|---|---|
| പെർമിറ്റ് ഫയൽ നമ്പർ, തീയതി | A3-1829/20 തീയതി 04.07.2020 |
| പെർമിറ്റ് അനുവദിച്ചത് | വാണിജ്യ ആവശ്യത്തിനുള്ളതിന്-ഗണം എഫ് |
| പെർമിറ്റ് ഏരിയ | 1800.54 ച.മീ. |
| സർവ്വേ നമ്പർ | 54/9-1 |
| സ്ഥല വിസ്തീർണ്ണം | 981 ച.മീ. |
| കംപ്ലീഷൻ സർട്ടിഫിക്കേറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച തീയതി | 15.06.2022 |
| കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ മുഴുവൻ തറവിസ്തീർണ്ണം | 1758.49 ച.മീ.<br>ബേസ്മെന്റ് ഫ്ലോർ = 561.84 ച.മീ.<br>ഗ്രൗണ്ട് ഫ്ലോർ = 561.84 ച.മീ.<br>ഒന്നാം നില = 574.8 ച.മീ.<br>ടെറസ് ഫ്ലോർ = 60.01 ച.മീ. |
| ഫൈനൽ ഫയർ എൻ.ഒ.സി. പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം (13.09.2022-ലെ FRS/08/TSR/10608 /22-Final) | 1776.33 ച.മീ.<br>ബേസ്മെന്റ് ഫ്ലോർ = 579.68 ച.മീ.<br>ഗ്രൗണ്ട് ഫ്ലോർ = 561.84 ച.മീ.<br>ഒന്നാം നില = 574.8 ച.മീ.<br>ടെറസ് ഫ്ലോർ = 60.01 ച.മീ. |
| തറവിസ്തീർണ അനുപാതം (എഫ്.എസ്.ഐ .) | 1.79<br>(എഫ് ഗണത്തിന് അനുവദനീയമായത് - 2.75വരെ) |
| കവറേജ് | 58.59 %<br>(എഫ് ഗണത്തിന് അനുവദനീയമായത് - 60%വരെ) |
| അനുവദിച്ച കെട്ടിട നമ്പറുകൾ | 1. 23/173B (സഞ്ചയ പ്രകാരം തറ വിസ്തീർണ്ണം - 872.77ച.മീ)<br>2. 23/173C (സഞ്ചയ പ്രകാരം തറ വിസ്തീർണ്ണം - 885.73ച.മീ.) |
| കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിട നിലകളുടെ എണ്ണം | ബേസ്മെന്റ് ഫ്ലോർ + ഗ്രൗണ്ട് ഫ്ലോർ + ഒന്നാം നില |
| കെട്ടിട നമ്പർ അനുവദിച്ച ഉദ്യോഗസ്ഥൻ | ജോൺ പി. ആർ., സെക്രട്ടറി |

ഫൈനൽ ഫയർ എൻ. ഒ. സി. പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം കംപ്ലീഷൻ പ്ലാനിലെ ഏരിയയിൽ നിന്നും വ്യതാസപ്പെട്ടിരിക്കുന്നു. ഇത്തരത്തിൽ വ്യത്യസ്ത അപേക്ഷയിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം വ്യത്യസ്തമായതിനാൽ കെട്ടിടത്തിന്റെ നിലവിലെ യഥാർത്ഥ ഏരിയ അളന്നു തിട്ടപ്പെടുത്തേണ്ടതുണ്ട് എന്ന് വ്യക്തമാകുന്നു.

കെട്ടിടം **"സലാം പ്ലാസ ഓഡിറ്റോറിയം"** എന്ന പേരിൽ ഇന്റർനെറ്റിൽ പരസ്യം നൽകി പ്രവർത്തിച്ചു വരികയാണ് *(Https://salamplazaauditorium.com).* നിലവിൽ കെട്ടിടത്തിന്റെ മുഴുവൻ ഭാഗവും ഓഡിറ്റോറിയങ്ങൾ

പ്രവർത്തിക്കുന്നതായി 24.09.2024 തീയതിയിൽ എൽ.എസ്.ജി.ഡി. സാങ്കേതിക വിഭാഗവും ഓഡിറ്റ് വിഭാഗവും ഒന്നിച്ച് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. മാത്രമല്ല, കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ നിന്നും വ്യതിചലിച്ച് ഒരു നില കൂടി അധികം പണിത്, എ. സി. ഓഡിറ്റോറിയമായി പ്രവർത്തിക്കുന്നുമുണ്ട്.




**സ്ഥലപരിശോധനയിൽ കണ്ടെത്തിയ പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.**

1. വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടത്തിന്റെ മുഴുവൻ ഭാഗവും വാണിജ്യാവശ്യഗണത്തിൽ നിന്ന് വ്യത്യസ്തമായി ഗ്രൂപ്പ് ഡി ഗണത്തിലുള്ള ഓഡിറ്റോറിയങ്ങൾ ആയി പ്രവർത്തിക്കുന്നു.
2. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാനിൽ നിന്നും അധികമായി നിർമ്മാണം നടത്തി (ക്രമവൽക്കരിക്കാതെയും വസ്തുനികുതി അടവാക്കാതെയും) എ/സി ഓഡിറ്റോറിയം പ്രവർത്തിച്ച് വരുന്നു.



*രണ്ടാം നിലയിലെ ഓഡിറ്റോറിയം*



*ഒന്നാം നിലയിലെ ഓഡിറ്റോറിയം*



*ഗ്രൗണ്ട് ഫ്ലോറിലെ ഓഡിറ്റോറിയം*

അധികനിർമ്മാണം, ഉപയോഗക്രമത്തിലുള്ള മാറ്റം എന്നിവ മൂലം കെട്ടിടത്തിന്റെ എഫ്.എസ്.ഐ , കവറേജ് എന്നിവ വ്യത്യാസപ്പെട്ടിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>എഫ്.എസ്.ഐ</u>

ഗ്രൂപ്പ് ഡി ഗണത്തിൽ ഉൾപ്പെട്ട ഈ കെട്ടിടത്തിന്റെ നിലവിലെ എഫ്.എസ്.ഐ . (അധികനിർമ്മാണവും ചേർത്ത്) = എല്ലാ നിലകളുടെയും ആകെ തറ വിസ്തീർണ്ണം/പ്ലോട്ട് ഏരിയ = 1758.49/981 = 1.79

കാറ്റഗറി II പഞ്ചായത്തിന് അനുവദനീയമായ എഫ്.എസ്.ഐ 0.7 ആണ്. അധിക വിസ്തീർണ്ണത്തിന് ച. മീറ്ററിന് 10,000 രൂപ അധിക ഫീസ് സഹിതം 1.25 വരെ അനുവദിക്കാൻ പാടുള്ളൂ എന്നിരിക്കെ നിലവിൽ ഈ കെട്ടിടം ചട്ടങ്ങൾ ലംഘിച്ചു കൊണ്ടാണ് പ്രവർത്തിച്ചു വരുന്നത്.

**കവറേജ്**

കാറ്റഗറി II പഞ്ചായത്തിന് അനുവദനീയമായ കവറേജ് 35% ആണ്. എന്നാൽ നിലവിൽ കെട്ടിടത്തിന്റെ കവറേജ് 58.59% ആണ്. കെട്ടിടനിർമ്മാണ ചട്ടത്തിന് ലംഘനം സംഭവിച്ചതിനാൽ പ്രവർത്തനം കർശനമായി നിരോധിക്കേണ്ടതാണ്.

**അങ്കണങ്ങൾ**

സാങ്കേതിക വിഭാഗം കെട്ടിടത്തിന്റെ യാർഡുകൾ അളന്നതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

മുൻഭാഗം : 7.75 മീ (കൂടിയത് : 10.9 മീറ്റർ കുറഞ്ഞത് : 4.6 മീറ്റർ)

പിൻഭാഗം : 2.65 മീ (കൂടിയത്: 3.2 മീറ്റർ കുറഞ്ഞത്: 2.1 മീറ്റർ)

പാർശ്വങ്ങൾ : 2.83 മീ (കൂടിയത് : 4.18 മീറ്റർ കുറഞ്ഞത് : 1.48 മീറ്റർ)

ഗ്രൂപ്പ് ഡി ഗണത്തിലെ കെട്ടിടങ്ങൾക്ക് വേണ്ട അങ്കണങ്ങൾ

മുൻഭാഗം : 10.5 മീറ്റർ
പിൻഭാഗം : 3 മീറ്റർ

പാർശ്വങ്ങൾ : 5 മീറ്റർ

**ക്രമവൽക്കരണ ഫീസ് ഇനത്തിൽ ഏകദേശം 53 ലക്ഷം ഈടാക്കേണ്ടതായിരുന്നു**

കാറ്റഗറി II പഞ്ചായത്തിന് അനുവദനീയമായ എഫ്.എസ്.ഐ പ്രകാരം പണിയാവുന്ന ആകെ തറവിസ്തീർണ്ണം = .7 X 981 = 686.7 ച.മീ.
ച.മീറ്ററിന് 10,000 രൂപ അധിക ഫീസ് സഹിതം നിർമ്മിക്കാവുന്ന പരമാവധി വിസ്തീർണ്ണം 1.25 X 981 = 1226.25 ച.മീറ്റർ
അധികനിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ ഈടാക്കേണ്ട ഫീസ് = (1226.25-686.7) X 10,000 =
539.55 ച.മീ. X 10,000= 53,95,500
ക്രമവൽക്കരിക്കാൻ സാധിക്കാതെ പൊളിച്ച് കളയേണ്ട അധികനിർമ്മാണം = 529.74 ച.മീ.

ഹൈവേയോട് ചേർന്ന് നിലകൊള്ളുന്ന ഈ 3 നില കെട്ടിടത്തിന്റെ അധികനിർമ്മാണവും ഉപയോഗക്രമത്തിൽ നിന്നും വ്യതിചലിച്ചുള്ള പ്രവർത്തനവും നാളിതുവരെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ആയതിനെതിരെ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ: 30/30.09.2024) മറുപടി ലഭ്യമാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235AA(1)-ലെ വ്യവസ്ഥ പ്രകാരം ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 203(2)-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 235 W(iii)(5) പ്രകാരമുള്ള നടപടികൾ സ്വീകരിക്കിക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

**1-24 പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തുന്നില്ല**

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019, ചട്ടം 21 പ്രകാരം ഒക്യൂപ്പൻസിക്കുശേഷമുള്ള ഓഡിറ്റ് നടത്താൻ നിർദ്ദേശമുണ്ട്. ചട്ടം 21(1) പ്രകാരം രണ്ട് നിലവരെയുള്ള താമസകെട്ടിടങ്ങളും 50 ച. മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് ജി1, ഗ്രൂപ്പ് ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യൂപൻസി സെർട്ടിഫിക്കേറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. മാത്രമല്ല 21(2) ഒക്യൂപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനു ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്താവുന്നതാണ്.

ഈ റിപ്പോർട്ടിലെ 1-16, 1-18, 1-20, 1-21, 1-22, 1-23 എന്നീ ഖണ്ഡികകളിൽ സൂചിപ്പിച്ച പരാമർശങ്ങൾ പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റിന്റെ പ്രാധാന്യത്തെ കുറിച്ചാണ് വിരൽചൂണ്ടുന്നത്. പഞ്ചായത്ത് പ്രദേശത്ത് അനധികൃത

കെട്ടിട നിർമ്മാണങ്ങളും, നിലവിലുള്ള കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകളും വ്യാപകമായി നടന്നുവരുന്നുണ്ട്. അവ കണ്ടെത്തുന്നതിനും നികുതി ഈ ടാക്കുന്നതിനും യാതൊരു നടപടികളും സ്വീകരിച്ചു വരുന്നില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ വ്യവസ്ഥ കൾക്കുവിധേയമായി ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ ഏതെങ്കിലും ഘടകത്തിന്റെ കാര്യത്തിലോ ഘടകത്തിന്റെ തരത്തിന്റെ കാര്യത്തിലോ കെട്ടിട ഉടമ വരുത്തിയതോ അല്ലെങ്കിൽ സ്വയം സംഭവിച്ചതോ ആയ മാറ്റങ്ങളുടെ വിവരങ്ങൾ രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് പിഴ ഒഴിവാക്കി വിവരം നൽകുന്നതിന് 22.03.2023 തീയതിയിലെ സ.ഉ.(കൈ)77/2023/ത.സ്വ.ഭ.വ പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കൂടാതെ, കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിലേയ്ക്കായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ .ടി.ഐ . ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ .ടി.ഐ . സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യത ഉള്ളവരെ നിയോഗിക്കുന്നതിനും അതത് തദ്ദേശ സ്വയംഭരണ സ്ഥാപന തീരുമാനത്തിന് വിധേയമായി ഒരു കെട്ടിടനമ്പറിന് പരമാവധി 30 രൂപ വീതം തനതുഫണ്ടിൽ നിന്ന് വിനിയോഗിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിൽ ഇതുവരെയും ഫീൽഡ് പരിശോധന നടത്തിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നമ്പർ:10/26.09.2024).

അനധികൃതനിർമ്മാണം റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഫീൽഡ് സ്റ്റാഫിന് നിശ്ചയിച്ചു നൽകേണ്ടതും, അതനുസരിച്ച് അവർ കൃത്യനിർവ്വഹണം നടത്തുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥനും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പുവരുത്തുക. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി ആവശ്യമായ വിലയിരുത്തലുകളും നിർദ്ദേശങ്ങളും ഇടപെടലുകളും പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ നൽകേണ്ടതാണ്. തുടർനടപടിവിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 1-25 സി.എസ്.ആർ ഫണ്ട്-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

2013-ലെ കമ്പനീസ് ആക്ട് (അമെൻഡ്മെന്റ്), സെക്ഷൻ 135 വ്യവസ്ഥകളുടെ ചുവട് പിടിച്ചുകൊണ്ട് പരിസ്ഥിതി വിഭവങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി നിർദ്ദേശം പുറപ്പെടുവിക്കുന്നുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ 15.07.2023-ലെ 42-ാം തീരുമാനപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് (എഫ്.എം) സെക്ഷൻ സെക്രട്ടറിയുടെ 09.06.2023-ലെ എഫ്എം1/20/2023 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ സി.എസ്.ആർ ഫണ്ട് ലഭ്യമാക്കുന്നതിന് വിവിധ സ്ഥാപനങ്ങൾക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തിൽ സി.എസ്.ആർ പരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ വിവരവും 2023-24-ൽ സി.എസ്.ആർ ഫണ്ട് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ: 38/30.09.2024) മറുപടി ലഭ്യമാക്കിയില്ല.
സി.എസ്.ആർ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിവരങ്ങൾ ശേഖരിക്കുന്നതിനും, ആയത് ഉറപ്പ് വരുത്തുന്നതിനും, മോണിറ്റർ ചെയ്യുന്നതിനും, രേഖപ്പെടുത്തി വയ്ക്കുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും സി.എസ്.ആർ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി പുറപ്പെടുവിക്കുന്ന നിർദ്ദേശം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-26 കൈപ്പറ്റ് രസീതി, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകളിൽ കൈപ്പറ്റ് രസീതി, വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടില്ല.

| പ്രോജക്ട് നമ്പർ/പേര് | അടങ്കൽ | വൗച്ചർ നമ്പർ | തുക | കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 1/24 –ഐ .കെ.എം | 242178 | 42310259/ | 242178 | എക്സിക്യൂട്ടീവ് |

| | | | | |
|---|---|---|---|---|
| വിഹിതം | | 2.5.23 | | ഡയറക്ടർ, ഐ .കെ.എം. |
| 536/24- ഐ .കെ.എം മെമ്പർഷിപ്പ് ഫീ | 900000 | 42301731/ 25.3.24 | 900000 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ .കെ.എം. |

മേൽ പ്രോജക്ടുകളുടെ കൈപ്പറ്റ് രസീതി, വിനിയോഗവിവരം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/26.9.24) മറുപടിയായി ഐ .കെ.എം-ന് കത്ത് നൽകിയിട്ടുണ്ടെന്നും വിനിയോഗവിവരം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഐ .കെ.എം-ൽ നിന്ന് കൈപ്പറ്റ് രസീത്, വിനിയോഗം എന്നിവ ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-27 ലോഗ്ബുക്ക് പരിപാലനം--അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനമായ KL-08-BY-3417 ബൊലേറോ ലോഗ് ബുക്ക് പരിശോധനയിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്ന വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല. വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2) വാഹനത്തിന്റെ റിപ്പയർ, സർവീസ് വിവരങ്ങൾ ലോഗ്ബുക്കിൽ ചേർക്കുന്നില്ല.

3) വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തവും, വാഹനത്തിൽ ഇന്ധനം നിറക്കുന്നതും ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ ഇന്ധനക്ഷമതാ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധനക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ 02.08.08 തീയതിയിലെ നമ്പർ 41/2008/ധനം സർക്കുലർ പ്രകാരമുള്ള നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്

4) വാഹനത്തിന്റെ വരവ് ചെലവ് സംബന്ധിച്ച റിപ്പോർട്ട് ഓരോ അർദ്ധവർഷത്തിലും ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. അപ്രകാരം ചെയ്തിട്ടില്ല. 30.06.07 തീയതിയിലെ നമ്പർ 170/07/ത.സ്വ.ഭ.വ സർക്കുലർ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

5) റിപ്പയർ രജിസ്റ്റർ, ഫ്യൂവൽ രജിസ്റ്റർ, വാഹനരജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറിക്ക് (34/30.9.24) മറുപടി ലഭ്യമാക്കിയിട്ടില്ല.
വാഹനപരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-28 സാക്ഷരത തുല്യത പദ്ധതി

| | |
|---|---|
| പ്രോജക്ട് | 287/24 സാക്ഷരത തുല്യത പദ്ധതി |
| അടങ്കൽ | 52000 രൂപ |
| ചെലവ് | 50500 രൂപ (വികസന ഫണ്ട്) 42301273/29.5.2023 |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്സ്, ഗവ. എൽപി സ്കൂൾ. |

2023-24 സാമ്പത്തിക വർഷത്തിൽ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥ യായ മേൽ പദ്ധതിയുടെ ഭാഗമായി തുല്യത പഠനത്തിന്റെ കോഴ്സ് ഫീ ഇനത്തിൽ 50500 രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ഏതെല്ലാം കോഴ്സുകൾക്കാണെന്നും എത്ര പഠിതാക്കൾക്കായാണ് തുക ചെലവഴിച്ചിട്ടുള്ളതെന്നും അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സാക്ഷരത പ്രേരക്മാർ ലഭ്യമാക്കിയ വിവരമനുസരിച്ച് പത്താം തരം തുല്യത പരീക്ഷയ്ക്കായി 16 പേരും പ്ലസ് വൺ പരീക്ഷയ്ക്കായി 11 പേരും പ്ലസ് ടു പരീക്ഷയ്ക്കായി 6 പേരുമാണ് പരീക്ഷ എഴുതിയിരുന്നത് എന്നാണ് അറിയിച്ചത്. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നമ്പർ 6/26.9.2024)

## 1-29 ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ സർക്കിളുകളിലെ വി.ഇ.ഒ-മാർ നടപ്പാക്കിയ ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥ ൻ | ആകെ നൽകേണ്ട തുക | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തീയതി |
|---|---|---|---|---|
| വി.ഇ.ഒ (കണ്ണാറ സർക്കിൾ) | 400000 | രവി പി. എസ്, പുത്തൻപുരക്കൽ പൂവൻചിറ | 40000<br>160000 | 03.12.2022<br>15.03.2023 |
| | | സുശീല വെള്ളത്തേടത്ത് മണക്കുന്ന്, പട്ടിക്കാട് | 40000<br>160000<br>100000 | 27.01.2023<br>15.03.2023<br>24.06.2023 |
| | | ഷീല മാവേലി, എടപ്പലം, പട്ടിക്കാട് | 40000<br>160000<br>100000 | 27.01.2023<br>15.03.2023<br>20.03.2023 |
| വി.ഇ.ഒ (പട്ടിക്കാട് സർക്കിൾ) | 600000 | സാജൻ ചെറുകുന്നത്ത്, കൊമ്പഴ | 90000<br>120000 | 10.03.2022<br>03.10.2022 |
| | | ധന്യ പ്രദീപ് കുന്നക്കൽ, മണിയൻകിണർ | 90000<br>100000<br>20000 | 21.12.2022<br>24.03.2022<br>07.03.2024 |
| | | വേശ്ശ ചാമി പട്ടിലുംതരിശ്, മലയൻകുളമ്പ് മണിയൻകിണർ | 40000<br>170000<br>210000<br>120000 | 29.11.2021<br>11.01.2022<br>02.02.2022<br>07.03.2022 |
| വി.ഇ.ഒ (പട്ടിക്കാട് സർക്കിൾ) | 400000 | ഗണപതി തറക്കളം, ചോരക്കുന്ന് കണ്ണാറ | 40000 | 16.05.2023 |
| | | ഗോപി കെ. എം., കൊണ്ടേലിൽ, കണ്ണാറ | 40000 | 16.05.2023 |
| | | ഓമന കുട്ടപ്പൻ ചിറ്റിലപ്പിള്ളി, പൂവൻചിറ | 40000<br>100000 | 10.03.2023<br>09.04.2023 |
| | | ഗോവിന്ദൻ പി. സി പാലക്കുന്നത്ത്, ചുവന്നമണ്ണ് | 40000 | 10.03.2023 |
| | | ശ്രീനിവാസൻ കിഴക്കേക്കളം, കുട്ടാല | 40000<br>80000<br>40000 | 30.10.2020<br>27.11.2020<br>08.03.2021 |

| | | | | |
|---|---|---|---|---|
| | | | 40000<br>100000 | 16.02.2022<br>26.03.2022 |

ഓഡിറ്റ് എൻക്വയറിക്ക് (19/26.9.24) മറുപടിയായി രോഗം, സാമ്പത്തികബുദ്ധിമുട്ട് എന്നിവ മൂലമാണ് പ്രവൃത്തി പൂർത്തീകരിക്കാത്തത് എന്നാണ് വി.ഇ.ഒ അറിയിച്ചിട്ടുള്ളത്. വിവരങ്ങൾ പഞ്ചായത്ത് കമ്മറ്റിയെ അറിയിച്ചിട്ടുണ്ട് എന്നും വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ പ്രവൃത്തി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം നൽകിയ തുക, പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

**1-30 മെനെസ്ട്രവൽ കപ്-വിതരണം പൂർത്തിയാക്കേണ്ടതാണ്**

462/24-മെനെസ്ട്രവൽ കപ്പ് വിതരണം

അടങ്കൽ തുക : 300000 ചെലവ് : 299700

ഫണ്ട് : വികസന ഫണ്ട് ജനറൽ, ജില്ല പഞ്ചായത്ത് വിഹിതം

വൗച്ചർ നമ്പർ 42301506/15.1.24 തുക 900
വൗച്ചർ നമ്പർ 42301580/5.2.24 തുക 298800
നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

മേൽ പ്രൊജക്റ്റ് പ്രകാരം HLL Life Care Limited ൽ നിന്നും 999 മെനെസ്ട്രവൽ കപ്പുകൾ വാങ്ങിയിട്ടുണ്ട്. 23 വാർഡുകളിലായിട്ടാണ് വിതരണം നടത്തിയിട്ടുള്ളത്. ആയവ സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കുമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം, 999 മെനെസ്ട്രവൽ കപ്പുകൾ വാങ്ങിയിട്ടുള്ളതിൽ 787 എണ്ണം വിതരണം ചെയ്തിട്ടുണ്ടെന്നും 212 എണ്ണം വിതരണം ചെയ്യാനുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മെനെസ്ട്രവൽ കപ്പുകൾ പൂർണ്ണമായും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-31 ചെലവ് രേഖകൾ ലഭ്യമാക്കിയില്ല-100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്റ്റ് | 254/24 യുവജനങ്ങൾക്ക് കലാകായിക പരിശീലനം |
| അടങ്കൽ | 100000 രൂപ |
| ചെലവ്<br>വൗച്ചർ നമ്പർ/തീയതി | 100000 രൂപ<br>42301273/16.2.24 |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി സ്കൂൾ |

2023-24 സാമ്പത്തിക വർഷത്തിൽ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പദ്ധതിയുടെ ഭാഗമായി 100000 രൂപ ചെലവഴിച്ചിട്ടുണ്ട്. TR-59(E) ബില്ല്, പ്രൊജക്റ്റ് ചെലവ് രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/30.9.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കുന്നതുവരെ പ്രോജക്റ്റിനായി ചെലവഴിച്ച 100000 രൂപ തടസ്സപ്പെടുത്തുന്നു.

**1-32 ഗോത്ര സാരഥി പദ്ധതി-അപാകതകൾ-ചെലവു തുക 155687 തടസ്സപ്പെടുത്തുന്നു**

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 290/24<br>ഗോത്ര സാരഥി പദ്ധതി (സ്പിൽ ഓവർ) |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ | 155687 |
| ചെലവ്, ഫണ്ട് | 155687<br>(വികസനഫണ്ട് ടി.എസ്.പി.) |

| | |
|---|---|
| വൗച്ചർ നമ്പർ/തീയതി/തുക | 42301280/31.5.23<br>107000<br>42301279/31.5.23<br>48687 |
| മുൻ വർഷ ചെലവ് | 479313 |

പട്ടികവർഗ്ഗ ഊരുകളിൽ താമസിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കൂളിൽ പോകുന്നതിന് യാത്രാസൗകര്യം ഒരുക്കുന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് യാത്രാസൗകര്യം ഒരുക്കിയിരിക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (ഡി.എ) 27.10.2022-ലെ ഉത്തരവ് നം.ഡി.എ1/395/2019-ത.സ്വ.ഭ.വ പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഗുണഭോക്തൃ ലിസ്റ്റ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ റ്റി.എസ്.പി പ്രൊജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനും സംയുക്തമായി പരിശോധിച്ച് അന്തിമമാക്കേണ്ടതും ഇതനുസരിച്ച് പട്ടികവർഗ്ഗ വികസന ഡയറക്ടർ TDO-മാർക്ക് വിഹിതം കൈമാറേണ്ടതുമാണ്. ഇങ്ങനെ കൈമാറി ലഭിക്കുന്ന തുക ആവശ്യമായ തുകയേക്കാൾ കുറവാണെങ്കിൽ കുറവ് എത്രയാണെന്ന് കണക്കാക്കി ആ വിഹിതം ഗോത്രസാരഥി പദ്ധതി കാര്യക്ഷമമായി നടത്തുന്നതിന് അതതു തദ്ദേശ സ്വയംഭരണ സ്ഥാപനം വകയിരുത്തേണ്ടതാണ് എന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ, എം.എം.യു. പിട്ടാരിക്കുളമ്പ്, (28000) ഇ.കെ.എം.യു.പി.എസ്. വാണിയമ്പാറ, (8000) ഗവ. എച്ച്.എസ്.പീച്ചി, ഗവ. എസ്.പി.എസ്. പീച്ചി, ട്രൈബൽ സ്കൂൾ (12687+107000) എന്നിവിടങ്ങളിലെ സീനിയർ അസിസ്റ്റന്റുമാരുടെ അക്കൗണ്ടിലേക്ക് തുക കൈമാറി നൽകിയിരിക്കുന്നതായിക്കാണുന്നു. പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ ഗുണഭോക്തൃ ലിസ്റ്റ് ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഉം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ റ്റി.എസ്.പി പ്രൊജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനും സംയുക്തമായി പരിശോധിച്ച് അന്തിമമാക്കിയതായി കാണുന്നില്ല.

ചെലവുമായി ബന്ധപ്പെട്ട രേഖകൾ, UTR സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

സ.ഉ(സാധാ)നം.415//2023/SCSTD/30.3.23 പ്രകാരം ഗോത്ര സാരഥി പദ്ധതി, വിദ്യാവാഹിനി എന്ന് പുനർനാമകരണം ചെയ്യുകയും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നമ്പർ ഡിഎ/1/74/2023/ത.സ്വ.ഭ.വ /17,5,23 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് തന്നെ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുള്ളതിനാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മേൽ പദ്ധതി ഏറ്റെടുക്കരുതെന്ന് നിർദേശിച്ചിട്ടുള്ളതുമാണ്.

മേൽപ്പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചതിനും, മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/28.9.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗോത്രസാരഥി പദ്ധതി നിർവഹണത്തിലെ അപാകതകൾ, 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽപരാമർശിക്കുകയും, 479313 രൂപയുടെ ചെലവ് തടസ്സപ്പെടുത്തിയിട്ടുള്ളതുമാണ്) അപാകതകൾ പരിഹരിക്കുന്നതു വരെ 155687 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-33 പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക്പഠനമുറി-പൂർത്തീകരിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | അസ്സിസ്റ്റന്റ് സെക്രട്ടറി |
| പദ്ധതിയുടെ പേര്/നമ്പർ | പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക് പഠനമുറി<br>നമ്പർ 187/24 |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി) 14,00,000 രൂപ |
| ചെലവ് | 5,70,000 രൂപ |
| വൗച്ചർ നമ്പർ/തിയതി/തുക | 42301503/12.1.24 - 60000<br>42301730/25.3.24- 210000 |

| | |
|---|---|
| | 42301737/25.3.24 - 300000 |

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മിക്കുന്നതിനായി 200000 രൂപ ധനസഹായമായി നൽകുന്ന മേൽ പദ്ധതിയിൽ ഉൾപ്പെട്ട ഏഴ് ഗുണഭോക്താക്കളിൽ ആറു പേർ 90000 രൂപ വീതവും, ഒരു ഗുണഭോക്താവ് 30000 രൂപയും പഠനമുറി നിർമ്മാണത്തിനായി കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണ ഭോക്താവ് | തീയതി | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ദേവിക പി. എസ്, പൂവത്തിങ്കൽ, ചെമ്പൂത്ര | 25.03.2024 | 30000<br>60000 | |
| 2 | അനന്യ പി വിജയ്, പൂവത്തിങ്കൽ, ചെമ്പൂത്ര | 25.03.2024 | 30000<br>60000 | |
| 3 | അഭിനന്ദ് സി. എം, ചുങ്കത്തൊടി, വാണിയംപാറ | 10.01.2024<br>25.03.2024 | 30000<br>60000 | |
| 4 | മിഥുന മോഹൻ, പേഴ്ത്തിങ്കൽ, പീച്ചി | 10.01.2024 | 30000 | |
| 5 | സ്നേഹ എം. എസ്., മങ്ങാട്, താമരവെള്ളച്ചാൽ | 25.03.2024 | 30000<br>60000 | |
| 6 | അക്ഷയ്, പാലത്തു പറമ്പിൽ, കണ്ണാറ | 25.03.2024 | 30000<br>60000 | |
| 7 | അതുൽ കൃഷ്ണ, കല്ലംപറമ്പിൽ, ആശാരിക്കാട് | 25.03.2024 | 30000<br>60000 | |

പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/28.9.24) മറുപടിയായി, പഞ്ചായത്തിന് ഫണ്ട് ലഭിക്കാനുള്ള കാല താമസം മൂലമാണ് ആറ് ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിക്കാത്തത് എന്നും, മിഥുന മോഹൻ, പേഴ്ത്തിങ്കൽ, എന്ന ഗുണഭോക്താവ്, പഠന മുറി നിർമ്മിക്കുന്നതിന് സാധിക്കാത്തതിനാൽ, അഡ്വാൻസ് തുക കൈപ്പറ്റിയത് പഞ്ചായത്തിന് ഫണ്ടിൽ തിരികെ അടവാക്കിയെന്നും, നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. (രശീതി നമ്പർ 1240101774/5.8.24)

മിഥുന മോഹൻ, പേഴ്ത്തിങ്കൽ, എന്ന ഗുണഭോക്താവ് തിരികെ അടവാക്കിയ തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്.

### 1-34 ബാലസഭ-മാർഗ്ഗരേഖയ്ക്ക് വിരുദ്ധം-8745 രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | ബാലസഭാ പ്രവർത്തനങ്ങൾ |
| പ്രോജക്ട് നമ്പർ | 291/24 (സ്പിൽ ഓവർ) |
| അടങ്കൽ | 8745 |
| ഫണ്ടിനം | വികസനഫണ്ട് -ജനറൽ |
| ചെലവ് | 8745 |
| വൗച്ചർനമ്പർ/തീയതി/തുക | 42301317/24.7.23, 8745 |
| നിർവഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് സെക്രട്ടറി |
| മുൻ വർഷ ചെലവ് | 25800 |

പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ.(കൈ)നമ്പർ115/2022/ത.സ്വ.ഭ.വ., തീയതി-28.5.2022 ഖണ്ഡിക 7.7.10(1) പ്രകാരം ബാലസഭ

പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകൾക്ക് വാർഡ് 1-ന് 1000 രൂപ വച്ച് നൽകണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്. പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ 23 വാർഡുകൾക്കും കൂടി 23000 രൂപ മാത്രമേ ചെലവഴിക്കാമായിരുന്നുള്ളൂ. എന്നാൽ 2022-23 വർഷത്തിൽ 2800 രൂപയും, 2023-24 വർഷത്തിൽ 8745 രൂപയും ചേർത്ത് ആകെ 11545 രൂപ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി ചെലവു ചെയ്തിട്ടുണ്ട്. 34545 രൂപ രണ്ടു വർഷങ്ങളിലായി ബാല സഭക്കായി ചെലവഴിച്ചിട്ടുണ്ട്. (2800 (22-23), 8745 (23-24) രൂപ ബാലസഭയ്ക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 24/28.09.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 8745 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 അഡ്വാൻസായി തനതുഫണ്ടിൽ നിന്നും അടവാക്കിയ തുക തിരികെ ലഭിച്ചിട്ടില്ല

പഞ്ചായത്ത് ഭരണ സമിതിയുടെ 20.10.23ലെ അജണ്ട 7, തീരുമാനം- 14 ൽ എം എൽ എ ഫണ്ടിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പാപ്പിനിശ്ശേരി കുടിവെള്ളപദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എസ്റ്റിമേറ്റ് തുകയായ 327499 രൂപ കെ.എസ്.ഇ.ബി. യിൽ അടവാക്കേണ്ടതിനാൽ, ടി തുക പഞ്ചായത്ത് ഫണ്ടിൽനിന്നും അടവാക്കണമെന്നും, ഫൈനൽ ബിൽ ലഭിക്കുന്ന മുറയ്ക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്ത് നൽകുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ തുക അഡ്വാൻസായി തനതുഫണ്ടിൽ നിന്നും അടവാക്കുന്നതിനും ഫണ്ട് തിരികെ ലഭിക്കുന്നമുറയ്ക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്യുന്നതിനും തീരുമാനിക്കുകയും, ആയത് അടവാക്കുകയും ചെയ്തിട്ടുണ്ട്. (വൗച്ചർ നം.22300821/21.11.2023) എന്നാൽ തുക തിരികെ ലഭിച്ച്, പഞ്ചായത്ത് ഫണ്ടിലേക്ക് റീക്കൂപ്പ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 21/27.09.2024).

## 1-36 യോഗമിനിട്ട്സ് നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ അംഗീകരിക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.)3630/2015/ത.സ്വ.ഭ.വ., തീയതി-3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ മാസങ്ങളോളം കാലതാമസം ഉണ്ടാകുന്നുണ്ട്. 2023-24 വർഷം യോഗം ചേർന്നതിന്റെയും മിനിട്ട്സ് തയ്യാറാക്കിയതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി | പ്രസിഡന്റ് മിനിട്ട്സ് അംഗീകരിച്ച തീയതി |
|---|---|---|
| 13/04/2023 | 25/04/23 | 25/04/23 |
| 28/04/2023 | 03/07/23 | 03/07/23 |
| 12/05/2023 | 25/07/23 | 25/07/23 |
| 24/05/2023 | 25/08/23 | 25/08/23 |
| 03/05/2023 | 19/06/23 | 19/06/23 |
| 17/05/2023 | 25/07/2023 | 25/07/2023 |
| 16/06/2023 | 25/09/2023 | 25/09/2023 |
| 27/06/2023 | 05/08/2023 | 05/08/2023 |
| 15/07/2023 | 24/11/2023 | 24/11/2023 |
| 29/07/2023 | 09/12/2023 | 09/12/2023 |

| | | |
|---|---|---|
| 17/08/2023 | 24/11/2023 | 24/11/2023 |
| 14/09/2023 | 22/02/2024 | 22/02/2024 |
| 27/09/2023 | 05/10/2023 | 05/10/2023 |
| 20/10/2023 | 10/03/2024 | 10/03/2024 |
| 04/11/2023 | 07/05/2024 | 07/05/2024 |
| 29/12/2023 | 13/06/2024 | 13/06/2024 |
| 17/01/2024 | 10/03/2024 | 10/03/2024 |
| 29/01/2024 | 09/07/2024 | 09/07/2024 |
| 24/02/2024 | 09/07/2024 | 09/07/2024 |
| 12/02/2024 | 10/03/2024 | 10/03/2024 |
| 13/02/2024 | 07/05/2024 | 07/05/2024 |
| 11/03/2024 | 20/07/2024 | 20/07/2024 |

താഴെ പറയുന്ന യോഗങ്ങളുടെ മിനിട്ട്സ് പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | യോഗ നമ്പർ | യോഗ തിയതി | യോഗ സ്വഭാവം |
|---|---|---|---|
| 1 | 07 | 27/03/2024 | സാധാരണ യോഗം |
| 2 | 12 | 21/06/2024 | സാധാരണ യോഗം |
| 3 | 13 | 08/07/2024 | സാധാരണ യോഗം |
| 4 | 14 | 30/07/2024 | സാധാരണ യോഗം |
| 5 | 15 | 09/08/2024 | അടിയന്തിര യോഗം/പ്രത്യേക യോഗം |
| 6 | 16 | 22/08/24 | സാധാരണ യോഗം |
| 7 | 17 | 11/09/2024 | അടിയന്തിര യോഗം/പ്രത്യേക യോഗം |

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള കാരണം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി 13/26.9.24 നൽകിയതിനെ തുടർന്ന് 27/03/2024, 21/06/2024, 08/07/2024, 30/07/2024 തീയതികളിലെ മിനിട്ട്സ് പൂർത്തിയാക്കിയിട്ടുണ്ട്.
നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കുന്നതിനാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയത് എന്നിരിക്കേ യോഗങ്ങളുടെ മിനിട്ട്സ് പൂർത്തിയാക്കുന്നതിൽ ഇത്രയധികം കാലതാമസം ഉണ്ടാകുന്നത് ഉചിതമല്ല. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-37 ഗ്രാമസഭാ -- നിയമപ്രകാരം ചേരുന്നില്ല**

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3 പ്രകാരം കുറഞ്ഞ പക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ ചേരേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ ഗ്രാമസഭാ മിനുട്സ് പരിശോധിച്ചതിൽ 2023-24 സാമ്പത്തികവർഷം 2 പ്രാവശ്യം മാത്രമാണ് ഗ്രാമസഭ ചേർന്നിട്ടുള്ളത്. ഓരോ ഗ്രാമസഭാ യോഗത്തിനും പ്രത്യേകം നോട്ടീസ് തയ്യാറാക്കുകയും നോട്ടീസിൽ തീയതി, സമയം, സ്ഥലം എന്നിവക്ക് പുറമേ ഇനം തിരിച്ചുള്ള അജണ്ടയും ഉണ്ടായിരിക്കണം. എന്നാൽ പഞ്ചായത്തിലെ ഒരു പ്രാവശ്യത്തെ ഗ്രാമസഭാ നോട്ടീസിൽ മാത്രമാണ് അജണ്ട ഉള്ളത്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ ചർച്ച ചെയ്തു കാണുന്നില്ല. വികസനക്ഷേമപ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി സോഷ്യൽ ഓഡിറ്റ് ടീമിനെ നിശ്ചയിച്ചുകാണുന്നില്ല.

| വാർഡ് | ഗ്രാമസഭ ചേർന്നതിന്റെ വിവരം |
|---|---|

| | | |
|---|---|---|
| 1 | 25.5.23 | 14.12.23 |
| 2 | 25.5.23 | 14.12.23 |
| 3 | 28.5.23 | 17.12.23 |
| 4 | 27.5.23 | 20.12.23 |
| 5 | Not Produced | Not Produced |
| 6 | 3.6.23 | 17.12.23 |
| 7 | 28.5.23 | 17.12.23 |
| 8 | 4.6.23 | 17.12.23 |
| 9 | 28.5.23 | 17.12.23 |
| 10 | 3.6.23 | 16.12.23 |
| 11 | 28.5.23 | 18.12.23 |
| 12 | 30.5.23 | 19.12.23 |
| 13 | 30.5.23 | 16.12.23 |
| 14 | 31.5.23 | 16.12.23 |
| 15 | 31.5.23 | 16.12.23 |
| 16 | 30.5.23 | 23.12.23 |
| 17 | 1.6.23 | 20.12.23 |
| 18 | 4.6.23 | 23.12.23 |
| 19 | 2.6.23 | 20.12.23 |
| 20 | 3.6.23 | 21.12.23 |
| 21 | 4.6.23 | 21.12.23 |
| 22 | 3.6.23 | 21.12.23 |
| 23 | 4.6.23 | 21.12.23 |

(ഓഡിറ്റ് എൻക്വയറി 35/30.9.24)

നിയമപരമായ നിഷ്കർഷ പാലിച്ചുകൊണ്ട് ഗ്രാമസഭകൾ സംഘടിപ്പിക്കേണ്ടതാണ്.

**1-38 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല**

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രൊജക്റ്റുകളിൽ മരുന്നുകൾ വാങ്ങിയിട്ടുള്ളത് കേരള സ്റ്റേറ്റ് ഡ്രഗ്ഗ് ഫാർമസ്യൂട്ടിക്കൽസ്, പ്രധാൻമന്ത്രി ജൻഔഷധി കേന്ദ്ര, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നാണ്. എന്നാൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് (KMSCL)-ന് തുക മുൻകൂർ നൽകിയിട്ടുള്ളതിൽ മരുന്നുകൾ ഇനിയും ലഭിക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

(1)

| | |
|---|---|
| പ്രോജക്റ്റ് | 8/24 ജീവിതശൈലി രോഗങ്ങൾക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 11,00,000 രൂപ |
| ചെലവ് | 1099978 രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

മരുന്ന് ലഭിക്കാനുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊഫോർമ ഇൻവോയ്സ് തുക | വൗച്ചർ നമ്പർ/തിയ്യതി, തുക | മരുന്ന് ലഭിച്ച തുക | ബാക്കി മരുന്ന് ലഭിക്കാനുള്ള |
|---|---|---|---|---|

| | | | | തുക |
|---|---|---|---|---|
| 1 | PRF918/14.8.23 | 42301366/15.9.2023<br>400384 | 233308 | 167076 |
| 2 | PRF1563/4.10.23 | 42301408/27.10.23<br>300000 | 226661 | 73339 |
| 3 | PRF2139/17.11.23 | 42301473/22.12.23<br>172848 | 110046 | 62802 |
| 4 | PRF3384/24.1.24 | 42301609/20.02.24<br>127152 | 123963 | 3189 |
| 5 | PRF2345/28.11.23 | 42301538/11.12.23<br>35955 | 5979 | 29976 |

(2)

| | |
|---|---|
| പ്രോജക്ട് | 5/24 ജനറൽ വിഭാഗത്തിലെ രോഗികൾക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 10,50,000 രൂപ |
| ചെലവ് | 960592 രൂപ (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

മരുന്ന് ലഭിക്കാനുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊഫോർമ ഇൻവോയ്സ് തുക | വൗച്ചർ നമ്പർ/തിയ്യതി, തുക | ലഭിച്ച മരുന്നുകളുടെ തുക | ബാക്കി മരുന്ന് ലഭിക്കാനുള്ള തുക |
|---|---|---|---|---|
| 1 | PRF914/14.8.23 | 42301402/9.10.23<br>398224 | 201802 | 196422 |
| 2 | PRF914/14.8.23 | 42301402/9.10.23<br>286786 | 156968 | 129818 |
| 3 | PRF4879/7.3.24 | 42301757/25.3.24<br>40500 | 0 | 40500 |
| 4 | PRF2353/28.11.23 | 42301549/22.12.23<br>39500 | 32592 | 6908 |

മരുന്ന് ലഭിക്കാനുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(3)

| | |
|---|---|
| പ്രോജക്ട് | 6/24 സാന്ത്വന പരിചരണ പരിപാടി |
| അടങ്കൽ | 2274106 രൂപ |
| ചെലവ് | 2126506 രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

സാന്ത്വന പരിചരണ പരിപാടി പ്രൊജക്റ്റിൽ ഭവന സന്ദർശനം നടത്തി സാന്ത്വന പരിചരണം നല്കുന്നതിനു പുറമെ മരുന്നുകൾ വാങ്ങിക്കുന്നതിനും തുക ചെലവഴിച്ചിട്ടുണ്ട്. അതിൽ ഇനിയും മരുന്നുകൾ ലഭിക്കാനുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊഫോർമ ഇൻവോയ്സ് തുക | വൗച്ചർ നമ്പർ/തിയ്യതി, തുക | ലഭിച്ച മരുന്നുകളുടെ തുക | ബാക്കി മരുന്ന് ലഭിക്കാനുള്ള തുക |
|---|---|---|---|---|
| 1 | PRF1709/13.10.23 | 42301548/14.11.23<br>355657 | 341345 | 14312 |
| 2 | PRF1847/26.10.23 | 42301561/15.1.24<br>299999 | 136324 | 163675 |
| 3 | PRF2257/23.11.23 | 42301595/17.2.24<br>100000 | 31937 | 68063 |

മരുന്ന് ലഭിക്കാനുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(4)

| | |
|---|---|
| പ്രോജക്റ്റ് | 9/24 അതിദരിദ്രർക്ക് മരുന്ന് വിതരണം |
| അടങ്കൽ | 100000 രൂപ |
| ചെലവ് | 100000 രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

| ക്രമ നമ്പർ | പ്രൊഫോർമ ഇൻവോയ്സ് തുക | വൗച്ചർ നമ്പർ/തിയ്യതി, തുക | മരുന്ന് ലഭിച്ച തുക | ബാക്കി മരുന്ന് ലഭിക്കാനുള്ള തുക |
|---|---|---|---|---|
| 1 | PRF1722/16.10.23 | 42301472/22.12.23<br>100000 | 0 | 100000 |

മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിദരിദ്രർക്കുള്ള മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ മുഴുവനായും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ -5/26.09.2024)

**1-39 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല**

വി.ഇ.ഒ നടപ്പാക്കിയ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ പ്രോജക്ടുകൾ പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അഡ്വാൻസായി തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ആയത് പൂർത്തീകരിച്ചിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | നിർവഹണ ഉദ്യോഗസ്ഥൻ | നൽകേണ്ട തുക | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക/തീയതി |
|---|---|---|---|---|
| 17/24 – വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-പട്ടികജാതി | വി ഇ ഒ, പട്ടിക്കാട് | 75000 | നിത മനോജ്, കല്ലുംപറമ്പിൽ, ആശാരിക്കടവ് | 35000/23.3.24 |
| | | | കൗസല്യ, ചാമ്പിളി ചിറക്കുന്ന് | 35000/23.3.24 |

| | | | | |
|---|---|---|---|---|
| | | | ശാന്ത സുകുമാരൻ, കല്ലിട്ടുപറമ്പിൽ, മേലേച്ചിറ, ചുവന്നമണ്ണ് | 35000/23.3.24 |
| | | | ഷൂജൻ കെ.കെ. കാടൻപാറ, പീച്ചൻചിറ, പൂവൻചിറ | 35000/23.3.24 |
| | | | ജാനകി കുട്ടൻ, പള്ളത്ത് വീട്, കണ്ണാറ | 35000/23.3.24 |
| | | | നന്ദനൻ എം.എസ്. മേച്ചേരി വീട്, മേലേച്ചിറ | 35000/23.3.24 |
| | | | ശോഭന പുരുഷോത്തമൻ പുളിക്കൽ വീട്, വടക്കുംപാടം, പട്ടിക്കാട് | 35000/30.11.23 |
| | | | ശാന്തി സി.എ. ചായിക്കോത്ത് തമ്പുരാട്ടിപറമ്പ് പട്ടിക്കാട് | 35000/30.11.23 |
| | | | സജിത ഷാജി, കോമ്പത്ത് വീട്, മൂലംകോട്, ചുവന്നമണ്ണ് | 35000/30.11.23 |
| | | | അമ്മിണി കുമാരൻ, പാലത്തുപറമ്പിൽ, കണ്ണാറ | 35000/30.11.23 |
| | | | പ്രകാശൻ എ കെ ആനപാറക്കൽ പൂവൻചിറ | 35000/30.11.23 |
| 284/24 -വാസയോഗ്യ മല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ ജനറൽ | വി ഇ ഒ, വാണിയമ്പാറ | 50000 | അമ്മിണി അച്യുതൻ മുരിക്കൽ വീട്, ചുവന്നമണ്ണ് | 25000 |
| | | | റോസ പുറക്കാട്ട്, | 25000 |

| | | | | |
|---|---|---|---|---|
| | | | കണ്ണാറ | |
| | | | ഗിരിജ, ഓട്ടുതൃക്കയിൽ, കണ്ണാറ | 25000 |
| | | | മോളി, പെരിങ്ങാമറ്റത്തിൽ, പട്ടിക്കാട് | 25000 |
| | | | ബീവാത്തുമ്മ, കാടാംപറമ്പിൽ, ചുവന്നമണ്ണ് | 25000 |
| | | | രാധാകൃഷ്ണൻ എം.കെ. മറ്റനായിൽ, വാണിയംപാറ | 25000 |
| | | | വേലായുധൻകുട്ടി, അരീക്കൽ, പട്ടിക്കാട് | 25000 |
| | | | വാസു, ചുള്ളിവളപ്പിൽ പട്ടിക്കാട് | 25000 |
| | | | ശാന്ത സുകുമാരൻ, ആറ്റാപ്പി, കുട്ടാല | 25000 |
| | | | രമ പ്രദീപ്, മാണിക്കത്ത്, പട്ടിക്കാട് | 25000 |
| | | | വിജയൻ, നമ്പലത്ത്, ചുവന്നമണ്ണ് | 25000 |
| | | | മീനാക്ഷി, പുത്തൻപറമ്പിൽ, പൂവൻചിറ | 25000 |
| | | | മോഹനൻ, പാണാത്ര, പട്ടിക്കാട് | 25000 |
| | | | ഇന്ദിര, ആലങ്ങാട് | 25000 |

| | | | | |
|---|---|---|---|---|
| | | | പറമ്പിൽ, പട്ടിക്കാട് | |
| 14/24 – അതിദരിദ്രരുടെ വാസയോഗ്യ മല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ | വി ഇ ഒ, വാണിയമ്പാറ | 100000 | മണി പി.വി. വെള്ളിക്കൽ, ചുവന്നമണ്ണ് | 75000, ലഭ്യമല്ല |
| | | | മിനി സണ്ണി, പുതുപറമ്പിൽ | 75000, ലഭ്യമല്ല |
| | | | കമലം ഗോപി, നമ്പളൻ | 50000/23.2.24 |
| | | | വാസു വേളം കോട്ട് | 75000 ലഭ്യമല്ല |
| | | | തങ്ക ടി.പി. ചെട്ടിത്തറ | 50000/23.2.24 |
| | | | വേശു, പുളിക്കപറമ്പിൽ | 50000/23.2.24 |
| 13/24-വാസയോഗ്യ മല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ ജനറൽ | വി ഇ ഒ, വാണിയമ്പാറ | 40000 | പുഷ്കരൻ, പുഴക്കപറമ്പിൽ | 20000 |
| | | | ഏലിക്കുട്ടി, ഓണക്കണ്ടത്തിൽ | 20000 |
| | | | സിജോ കെ.വി. കാരോട്ടുമംഗലത്ത് | 20000 |
| | | | ദേവസി, കാട്ടുകണ്ടത്തിൽ | 20000 |
| | | | ജോൺ മാത്യു, പാല്യക്കുന്നത്ത് | 20000 |
| | | | ശോഭ പൊയ്യാറ, താണിപ്പാടം | 20000 |
| | | | ചന്ദ്രൻ, നടുവിലപ്പറമ്പിൽ | 20000 |
| | | | അംബിക, കണ്ണന്തറ | 20000 |
| | | | വനജ ബിനു, ആറ്റപറമ്പിൽ | 20000 |
| | | | ഷീല, അടക്കാതോട്ടത്തിൽ | 20000 |

| | | | | |
|---|---|---|---|---|
| | | | ഷീബ, കുറുപ്പത്ത്പറമ്പിൽ | 20000 |
| | | | അമ്മിണി, ചേലാടൻ | 20000 |
| | | | ബിജു പി.കെ. പൊന്തേക്കൻ | 20000 |
| | | | ശാന്ത, ചൂണ്ടയിൽ | 20000 |
| | | | രാഗേഷ് രാജേന്ദ്രൻ | 20000 |
| | | | അബ്ദുൾ ഗഫൂർ മുല്ലക്കരക്കാരൻ | 20000 |

മേൽക്കാണിച്ച ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി -37/30.9.24)

## 1-40 ഹരിതകർമ്മസേന-അവലോകനം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ ജന സംഖ്യ 50455 ആണ്. 23 വാർഡുകളിലായി 11862 വീടുകളും, 981 വ്യാപാര, വ്യവസായ കെട്ടിടങ്ങളും, 21 ഓഡിറ്റോറിയങ്ങളും ഉണ്ട്. 35 ഹരിതകർമ്മസേന അംഗങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. ഭൂരിഭാഗം വീടുകളും വ്യാപാര സ്ഥാപനങ്ങളും യൂസർ ഫീ അടവാക്കി ഹരിതകർമ്മസേനയോട് സഹകരിക്കുന്നുണ്ട്. നിലവിൽ ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫാണുള്ളത്. ഇവിടെ ബെയ്‌ലിംഗ് മെഷിൻസ്ഥാപിച്ചിട്ടുണ്ട്. സ്ഥല പരിമിതി മൂലം സോർട്ടിംഗ് ഏരിയ, ടിപ്പിംഗ് ഏരിയ മെഷിനറി ഏരിയ, സ്റ്റോറേജ് ഏരിയ എന്നു വേർ തിരിച്ചിട്ടില്ല. പഞ്ചായത്തിലെ ആറാം വാർഡിൽ എം.സി.എഫിനായി സ്ഥലം കണ്ടെത്തി, പ്രവൃത്തി ആരംഭിച്ചെങ്കിലും, പരിസര വാസികളുടെ എതിർപ്പു മൂലം നിർത്തി വെച്ച അവസ്ഥയിൽ ആണെന്ന് സ്ഥല പരിശോധന നടത്തിയതിൽ കണ്ടു. 23 വാർഡുകളിലും മിനി എം.സി.എഫുകൾ ഉണ്ടെങ്കിലും, RRF കൾ ഇല്ല.

| | |
|---|---|
|  |  |
| | |

**ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ**

